# കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

**www.ksad.kerala.gov.in**

# ധർമ്മടം ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

## 2023-2024

**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്**
**ജില്ലാ ഓഡിറ്റ് കാര്യാലയം**
**കണ്ണൂർ**
**670001**

**ഇ-മെയിൽ: doknr.ksad@kerala.gov.in**
**ഫോൺ : 0497-2707698**

(രജിസ്റ്റർ ചെയ്തു കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെഎസ്എ/കെഎൻആർ/സി.9/1437/24

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കണ്ണൂർ
670001
തീയ്യതി: 05/10/2024
ഇ-മെയിൽ: doknr.ksad@kerala.gov.in
ഫോൺ: 0497-2707698

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
ധർമ്മടം ഗ്രാമപഞ്ചായത്ത്

സർ,

**വിഷയം : ധർമ്മടം ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.**

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ധർമ്മടം ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്
.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) ജോയിന്റ് ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, കണ്ണൂർ.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെഎസ്എ/കെഎൻആർ/സി.9/1437/24 തീയ്യതി: 05/10/2024

# കണ്ണൂർ ജില്ലയിലെ ധർമ്മടം ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(**1994** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് **13** , **1996** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18,** (**1994** ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് **215(4)**) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കണ്ണൂർ ജില്ലയിലെ ധർമ്മടം ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 04-12-2023 മുതൽ 21-08-2024 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, 01-04-2023 മുതൽ 31-03-2024 വരെ വിവിധ അക്കൗണ്ടുകളിൽ നിന്നും നടത്തിയിട്ടുള്ള പണം പിൻവലിക്കൽ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 38 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 34 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 31-08-2024 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

### ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.സി.വി.ജ്യോതിഷ് കുമാർ | ഡെപ്യൂട്ടി ഡയറക്ടർ | 22-08-2024 | 31-08-2024 |

## ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 22-08-2024 | 31-08-2024 |

## ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ. പ്രദീപ് കുമാർ. എം, ഓഡിറ്റ് ഓഫീസർ
ശ്രീ. വിനീത് കുമാർ. കെ.പി, ഓഡിറ്റ് ഓഫീസർ
ശ്രീമതി. രാജിമ. എ.സി, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീമതി. നിഖില. എ.എം, ഓഡിറ്റർ
ശ്രീമതി. രേഷ്മ. പി, ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ. എൻ.കെ. രവി | പ്രസിഡന്റ് | 01-04-2023 | 31-03-2024 |
| ശ്രീ. ബിന്റി ലക്ഷ്മൺ | സെക്രട്ടറി | 01-04-2023 | 14-08-2023 |
| ശ്രീമതി. ശ്രീലത. എം | സെക്രട്ടറി | 15-08-2023 | 17-10-2023 |
| ശ്രീമതി. ഷബ്ന. കെ.വി, അസിസ്റ്റന്റ് സെക്രട്ടറി | സെക്രട്ടറി-ഇൻ-ചാർജ്ജ് | 18-10-2023 | 31-03-2024 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി. ഷബ്ന. കെ.വി | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2023 | 31-03-2024 |
| ശ്രീമതി. ധന്യ. ഇ.പി | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2023 | 31-03-2024 |
| ശ്രീമതി. ശ്രുതി ലക്ഷ്മി. പി.ജി | കൃഷി ഓഫീസർ | 01-04-2023 | 06-06-2023 |
| ശ്രീ. സച്ചിൻ. കെ | കൃഷി ഓഫീസർ | 07-06-2023 | 31-03-2024 |

| | | | |
|---|---|---|---|
| ശ്രീമതി. ഷൈജി. കെ | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-04-2023 | 31-03-2024 |
| ഡോ. ദിൽനാഥ് കല്ലാട്ട് | മെഡിക്കൽ ഓഫീസർ, പി.എച്ച്.സി | 01-04-2023 | 31-03-2024 |
| ഡോ. ധന്യ. പി.എം | മെഡിക്കൽ ഓഫീസർ, ഹോമിയോ | 01-04-2023 | 31-03-2024 |
| ഡോ. ഷീന വിജയൻ. എൻ.പി | മെഡിക്കൽ ഓഫീസർ, ആയുർവ്വേദം | 01-04-2023 | 09-08-2023 |
| ഡോ. ലമിത. ഒ | മെഡിക്കൽ ഓഫീസർ, ആയുർവ്വേദം | 10-08-2023 | 04-12-2023 |
| ഡോ. പ്രീതി. എം. പ്രദീപ് | മെഡിക്കൽ ഓഫീസർ, ആയുർവ്വേദം | 05-12-2023 | 31-03-2024 |
| ഡോ. ശ്രീനിഷ്, എസ്.എസ് | വെറ്റിനറി സർജ്ജൻ | 01-04-2023 | 31-03-2024 |
| ശ്രീ. പ്രേമൻ. വി | വി.ഇ.ഒ, ധർമ്മടം സർക്കിൾ | 01-04-2023 | 13-07-2023 |
| ശ്രീ. വിൽഫ്രഡ് സാജൻ | വി.ഇ.ഒ, ധർമ്മടം സർക്കിൾ (അഡിഷനൽ ചാർജ്ജ് ) | 14-07-2023 | 31-07-2023 |
| ശ്രീമതി. പ്രീജയ. പി.കെ | വി.ഇ.ഒ, ധർമ്മടം സർക്കിൾ | 01-08-2023 | 31-03-2024 |
| ശ്രീ. വിൽഫ്രഡ് സാജൻ | വി.ഇ.ഒ, പാലയാട് സർക്കിൾ | 01-04-2023 | 31-03-2024 |
| ശ്രീമതി. അനുശ്രീ. കെ | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2023 | 31-03-2024 |
| ശ്രീമതി. സരിത. കെ.വി | അസിസ്റ്റന്റ് ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ | 01-04-2023 | 31-03-2024 |
| ശ്രീ. മൊയ്തു. എൻ.പി | ഹെഡ് മാസ്റ്റർ | 01-04-2023 | 31-03-2024 |

# ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | 1-1 |
| 2 | ചെലവഴിക്കാൻ അവശേഷിക്കുന്ന തുകകളും ബാങ്ക് നീക്കിയിരിപ്പും പൊരുത്തപ്പെടുന്നില്ല. | 1-1-1 |
| 3 | ക്യാപ്പിറ്റൽ കോൺട്രിബ്യൂഷൻ കാലികമാക്കിയില്ല | 1-1-2 |
| 4 | പാർട്ട് ബിൽ നൽകിയ പ്രവൃത്തികളുടെ വിവരം ബാലൻസ് ഷീറ്റ് ബി-11 (ബി) ക്യാപ്പിറ്റൽ വർക്ക് ഇൻ പ്രോഗ്രസ്സിൽ ചേർത്തിട്ടില്ല | 1-1-3 |
| 5 | വിനിയോഗ സാക്ഷ്യപത്രം ലഭ്യമായ പ്രവൃത്തികൾ അഡ്വാൻസ് ശീർഷകത്തിൽ നിന്നും ക്രമീകരിച്ചില്ല | 1-1-4 |
| 6 | ബാലൻസ് ഷീറ്റ് ബി 14 ഷെഡ്യൂളിൽ ക്ലോസിംഗ് സ്റ്റോക്ക് രേഖപ്പെടുത്തിയിട്ടില്ല | 1-1-5 |
| 7 | ബാധ്യത ഹെഡിലെ തുകകളുടെ വിവരം ലഭ്യമാക്കിയില്ല | 1-1-6 |
| 8 | ക്യാഷ് ഫ്ലോ പത്രികയിലെ തൻവർഷത്തെ ആകെ ക്യാഷ് ഫ്ലോയും പത്രികയിൽ മുന്നിരിപ്പും നീക്കിയിരിപ്പും തമ്മിലുള്ള വ്യത്യാസമായി ചേർത്തിരിക്കുന്ന തുകയും പൊരുത്തപ്പെടുന്നില്ല. | 1-1-7 |
| 9 | നികുതി നികുതിയേതര വരുമാനങ്ങൾക്ക് സമയബന്ധിതമായി ഡിമാന്റ് രേഖപ്പെടുത്തുന്നില്ല. | 1-1-8 |
| 10 | 2011 ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ പ്രകാരമുള്ള പത്രികകൾ സമർപ്പിച്ചിട്ടില്ല. | 1-1-9 |
| 11 | ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല | 1-1-10 |
| 12 | ഡിപ്രീസിയേഷൻ കണക്കാക്കിയതിന്റെ രേഖകൾ ലഭ്യമാക്കിയിട്ടില്ല. | 1-1-11 |
| 13 | ഡെപ്പോസിറ് പ്രവൃത്തികൾക്ക് തുക നൽകി വിനിയോഗ സാക്ഷ്യപത്രം ലഭിക്കാത്ത പ്രവൃത്തികളുടെ വിവരം ബി-18ൽ ചേർത്തില്ല | 1-1-12 |
| 14 | ലോൺ രജിസ്റ്റർ കൃത്യമായി എഴുതി സൂക്ഷിച്ചിട്ടില്ല | 1-1-13 |
| 15 | ബജറ്റ് | 1-2 |
| 16 | സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം) | 1-3 |
| 17 | ഫണ്ട് വിനിയോഗം | 1-4 |
| 18 | പദ്ധതി അവലോകനം | 1-5 |
| 19 | മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പു പദ്ധതി | 1-6 |
| 20 | ക്ഷേമ പദ്ധതികൾ | 1-7 |
| 21 | ക്യാഷ് പരിശോധന | 1-8 |
| 22 | ആഭ്യന്തര നിയന്ത്രണം | 1-9 |
| 23 | ഗ്രാമസഭ | 1-10 |

| | | |
|---|---|---|
| 24 | വസ്തു നികുതി പരിഷ്കരണ നടപടിക്രമങ്ങൾ പൂർത്തിയായിട്ടില്ല | 1-11 |
| 25 | വസ്തു നികുതി പരിഷ്കരണം - കെട്ടിടങ്ങളുടെയും ഉപവിഭാഗങ്ങളുടെയും വിവരം സഞ്ചയയിൽ വ്യത്യസ്തമായി നൽകി | 1-12 |
| 26 | വസ്തു നികുതി- കെട്ടിടങ്ങളുടെ വിസ്തീർണം - ജി ഐ എസ് മാപ്പിംഗിലെ വിവരങ്ങളും സഞ്ചയയിലെ വിവരങ്ങളും പൊരുത്തപ്പെടുന്നില്ല. | 1-13 |
| 27 | മൊബൈൽ ടവർ വസ്തുനികുതി കുടിശ്ശിക- തുടർനടപടി വിവരം അറിയിക്കേണ്ടതാണ് | 1-14 |
| 28 | അനധികൃത നിർമ്മാണങ്ങൾ യഥാസമയം കണ്ടെത്തി തുടർനടപടികൾ സ്വീകരിക്കുന്നില്ല | 1-15 |
| 29 | ഐ.കെ.എം ന് ഗ്രാമ പഞ്ചായത്ത് വിഹിതം നൽകൽ- വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല ₹109453യുടെ ചെലവ് തടസ്സപ്പെടുത്തുന്നു | 1-16 |
| 30 | ഗ്രാമ പഞ്ചായത്ത് ഓഫീസിൽ ജനറേറ്റർ സ്ഥാപിക്കൽ -വിനിയോഗ സാക്ഷ്യപത്രം ലഭ്യമല്ല ₹600000 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു | 1-17 |
| 31 | കണ്ണൂർ വിവര സഞ്ചയിക - പദ്ധതി നടത്തിപ്പിലെ അപാകങ്ങൾ ₹194700യുടെ ചെലവ് തടസ്സപ്പെടുത്തുന്നു | 1-18 |
| 32 | ഭൂജല സർവ്വേ -രേഖകൾ ലഭ്യമല്ല ₹29025യുടെ ചെലവ് തടസ്സപ്പെടുത്തുന്നു | 1-19 |
| 33 | എ ബി സി പദ്ധതിക്ക് വിഹിതം നൽകൽ -വിനിയോഗ സാക്ഷ്യപത്രം ലഭ്യമല്ല. ₹100000യുടെ ചെലവ് തടസ്സപ്പെടുത്തുന്നു | 1-20 |
| 34 | ഹോമിയോ ഡിസ്പെൻസറിക്ക് മരുന്ന് വാങ്ങൽ – മരുന്നുകൾ ലഭ്യമായിട്ടില്ല - ₹50,000 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു | 1-21 |
| 35 | ലൈഫ് പദ്ധതി - ഭവന നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല | 1-22 |
| 36 | ലൈഫ് മിഷൻ ഭവന പദ്ധതി-ഭൂരഹിത ഭവന രഹിതർക്ക് സ്ഥലം വാങ്ങി വീട് നിർമ്മിക്കൽ -ഭവന നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല | 1-23 |
| 37 | റിംഗ് കമ്പോസ്റ്റ് സ്ഥാപിക്കൽ- ഗുണഭോക്തൃ വിഹിതം സ്ഥാപനത്തിന് കൈമാറിയില്ല | 1-24 |
| 38 | കൃഷി ഓഫീസർ നിർവ്വഹണം നടത്തിയ പ്രൊജക്റ്റുകൾ - രേഖകൾ സൂക്ഷിക്കുന്നതിലെ അപാകങ്ങൾ | 1-25 |
| 39 | മൃഗാശുപത്രിക്ക് മരുന്ന് വാങ്ങൽ - പദ്ധതി നടത്തിപ്പിലെ അപാകങ്ങൾ | 1-26 |
| 40 | അസ്സറ്റ് മാനേജ്മെന്റ് & മോണിറ്ററിംഗ് കമ്മിറ്റി രൂപീകരിച്ചിട്ടില്ല | 1-27 |

| | | |
|---|---|---|
| 41 | കുടുംബാരോഗ്യ കേന്ദ്രങ്ങളിലെ ഡോക്ടറുടെയും പാരാമെഡിക്കൽ സ്റ്റാഫിന്റെയും ഓണറേറിയം-രേഖകൾ ലഭ്യമാക്കാത്തതും നിയമന വ്യവസ്ഥകളിലെ അവ്യക്തതയും. ₹991796 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു | 1-28 |
| 42 | ശുചിത്വവും സുസ്ഥിരതയും ഉറപ്പാക്കൽ-കേരളത്തിലെ മാലിന്യ സംസ്കരണം ഹരിതകർമ്മ സേനയിലൂടെ-അവലോകനം | 1-29 |
| **ഭാഗം 2** | | |
| --- No Records Found --- | | |
| **ഭാഗം 3** | | |
| --- No Records Found --- | | |
| **ഭാഗം 4** | | |
| 1 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 4-1 |
| 2 | സംയുക്ത പ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 3 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-4 |
| 5 | വായ്പ/വായ്പ തിരിച്ചടവ് | 4-5 |
| 6 | സ്ഥിര നിക്ഷേപം | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം | 4-8 |
| 9 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-11 |
| **അനുബന്ധം** | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |
| 3 | RECEIPT & PAYMENT STATEMENT | |
| 4 | NCOME & EXPENDITURE STATEMENT | |
| 5 | BALANCE SHEET | |

# ഭാഗം -1
# പൊതു അവലോകനം

## 1-1 ഓഡിറ്റ് സാക്ഷ്യപത്രം

1) കേരള പഞ്ചായത്ത് രാജ് ആക്ട് 1994ലെ സെക്ഷൻ 215(4) പ്രകാരം, കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ 2011, KSAD ഓഡിറ്റ് മാന്വൽ ചാപ്റ്റർ 4.2.1 & 11.3, സംസ്ഥാന ഗവൺമെന്റ്/കേന്ദ്ര ഗവൺമെന്റ്, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളും പാലിക്കൽ നിർദ്ദേശങ്ങളും അനുസരിച്ച് ധർമ്മടം ഗ്രാമ പഞ്ചായത്ത് ഭരണസമിതിയുടെ 06.06.2024 തീയതിയിലെ 117/2024 നമ്പർ തീരുമാനം പ്രകാരം തയ്യാറാക്കി 06.06.2024 തീയതിയിൽ, പിന്തുണക്കുന്ന ഫോമുകൾക്കൊപ്പം സമർപ്പിക്കപ്പെട്ടിട്ടുള്ള ധർമ്മടം ഗ്രാമപഞ്ചായത്തിന്റെ 31.03.2024 ൽ അവസാനിച്ച വർഷത്തിലെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് എന്നിവയും 31.03.2024 തീയതി വരെയുള്ള ബാലൻസ് ഷീറ്റും ഉൾപ്പെടുന്ന സാമ്പത്തിക പ്രസ്താവനകൾ ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപനത്തിന്റെ മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

2) C & AG ഓഫ് ഇന്ത്യ പുറപ്പെടുവിച്ച ഓഡിറ്റിംഗ് മാനദണ്ഡങ്ങളും C & AG നൽകിയിട്ടുള്ള പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾക്കും അനുസരിച്ചാണ് ഞാൻ എന്റെ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയിട്ടുള്ളത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റിദ്ധാരണകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/ മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകളിലെ തുകകളും വെളിപ്പെടുത്തലുകളും പിന്തുണയ്ക്കുന്ന തെളിവുകൾ പരിശോധിക്കുന്നത് ഓഡിറ്റിൽ ഉൾപ്പെടുന്നു. ഉപയോഗിച്ച അക്കൗണ്ടിംഗ് തത്വങ്ങളും ഉണ്ടാക്കിയ സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

3)എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും മികച്ച വിവരങ്ങളും നൽകിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

### വിശേഷണങ്ങളോടു കൂടിയ അഭിപ്രായം

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, ധർമ്മടം ഗ്രാമ പഞ്ചായത്തിന്റെ 2023-24 സാമ്പത്തിക വർഷത്തേക്കുള്ള വാർഷിക സാമ്പത്തിക പ്രസ്താവനകൾ സാമ്പത്തിക ഫലത്തേക്കുറിച്ചും സാമ്പത്തിക നിലയെക്കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

ഡെപ്യൂട്ടി ഡയറക്ടർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ

കണ്ണൂർ,
05.10.2024

## 1-1-1 ചെലവഴിക്കാൻ അവശേഷിക്കുന്ന തുകകളും ബാങ്ക് നീക്കിയിരിപ്പും പൊരുത്തപ്പെടുന്നില്ല.

ബാലൻസ് ഷീറ്റ് ബി-4 ഷെഡ്യൂൾ പ്രകാരം സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റിനത്തിലെ നീക്കിയിരിപ്പ് ₹7234811 യും ബി-17 ഷെഡ്യൂൾ പ്രകാരം സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റിനത്തിലെ നീക്കിയിരിപ്പ് ₹8660214 യും ആണ്. നീക്കിയിരിപ്പുകൾ തമ്മിൽ പൊരുത്തപ്പെടാതിരിക്കുന്നത് ഡിഡക്ഷൻ തുക തനത് ഫണ്ട് ബാങ്ക് അക്കൗണ്ടിൽ നിന്നും ഒടുക്കിയതിനാലാണ് എന്ന് നോട്ട് ഓൺ അക്കൗണ്ടിൽ രേഖപ്പെടുത്തിയിട്ടുണ്ട്. ആയതിന്റെ വിശദാംശം, തുക ക്രമീകരിച്ചതിന്റെ വിവരം എന്നിവ ലഭ്യമാക്കിയിട്ടില്ല.

## 1-1-2 ക്യാപ്പിറ്റൽ കോൺട്രിബ്യൂഷൻ കാലികമാക്കിയില്ല

ബാലൻസ് ഷീറ്റിലെ B-3 ഷെഡ്യൂളിലെ Capital Contribution ഹെഡിൽ ബ്ലോക്ക് പഞ്ചായത്ത് വിഹിതത്തിലെ ക്യാപ്പിറ്റൽ ചെലവുകളെ ചേർത്തിട്ടുള്ളൂ. മറ്റ് ഗ്രാന്റുകളിൽ നിന്നുമുള്ള ക്യാപ്പിറ്റൽ ചെലവുകൾ ക്യാപ്പിറ്റൽ കോൺട്രിബ്യൂഷനിൽ ഉൾപ്പെടുത്തിയിട്ടില്ല.

## 1-1-3 പാർട്ട് ബിൽ നൽകിയ പ്രവൃത്തികളുടെ വിവരം ബാലൻസ് ഷീറ്റ് ബി-11 (ബി) ക്യാപ്പിറ്റൽ വർക്ക് ഇൻ പ്രോഗ്രസ്സിൽ ചേർത്തിട്ടില്ല

തൻവർഷം പ്രൊജക്ട് നമ്പർ 102/24, 191/24, 207/24 എന്നീ പദ്ധതികളിൽ പാർട്ട് ബിൽ നൽകിയിട്ടുണ്ടെങ്കിലും ആയത് ബി-11(B) ക്യാപ്പിറ്റൽ വർക്ക് ഇൻ പ്രോഗ്രസ്സിൽ ചേർത്തിട്ടില്ല. ബാലൻസ് ബി-11(B) യിൽ മുൻവർഷത്തെ അതേ നീക്കിയിരിപ്പാണ് കാണിച്ചിട്ടുള്ളത്. ആയതിന്റെ കൃത്യത വ്യക്തമാക്കുന്ന രേഖകൾ ലഭ്യമാക്കിയിട്ടില്ല.

## 1-1-4 വിനിയോഗ സാക്ഷ്യപത്രം ലഭ്യമായ പ്രവൃത്തികൾ അഡ്വാൻസ് ശീർഷകത്തിൽ നിന്നും ക്രമീകരിച്ചില്ല

ബാലൻസ് ഷീറ്റ് ബി-18 ഷെഡ്യൂളിലെ അദർ അഡ്വാൻസ് ഇനത്തിൽ രേഖപ്പെടുത്തിയ വാട്ടർ അതോറിറ്റിക്ക് പൈപ്പ് ലൈൻ എക്സ്റ്റൻഷന് വേണ്ടി ഡെപ്പോസിറ്റ് പ്രവൃത്തിക്ക് നൽകിയ ₹604398 പൂർണ്ണമായും വിനിയോഗിച്ചതിന്റെ വിനിയോഗ സാക്ഷ്യപത്രം 13.11.2023 ന് ലഭ്യമായെങ്കിലും ആയത് അഡ്വാൻസ് ശീർഷകത്തിൽ നിന്നും ക്രമീകരിച്ചില്ല.

## 1-1-5 ബാലൻസ് ഷീറ്റ് ബി 14 ഷെഡ്യൂളിൽ ക്ലോസിംഗ് സ്റ്റോക്ക് രേഖപ്പെടുത്തിയിട്ടില്ല

2011 ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങളിലെ ചട്ടം 58 പ്രകാരം ഓരോ മാസാന്ത്യത്തിലും സെക്രട്ടറി സ്റ്റോക്കിന്റെ തൻമാസ വിനിയോഗ വിവരം ശേഖരിക്കേണ്ടതും വർഷാന്ത്യത്തിൽ സ്റ്റോക്കിന്റെ ഭൗതിക പരിശോധന നടത്തി പൊരുത്തപ്പെടുത്തേണ്ടതുമാണ്. എന്നാൽ ബാലൻസ് ഷീറ്റ് B-14 ഷെഡ്യൂളിൽ ക്ലോസിംഗ് സ്റ്റോക്കിന്റെ വിവരങ്ങൾ ചേർത്തിട്ടില്ല.

## 1-1-6 ബാധ്യത ഹെഡിലെ തുകകളുടെ വിവരം ലഭ്യമാക്കിയില്ല

1) ബാലൻസ് ഷീറ്റ് ബി-9 ഷെഡ്യൂളിൽ അദർ എംപ്ലോയീസ് ലയബിലിറ്റീസ് പേയബിൾ എന്ന ഹെഡിൽ കാണിച്ചിട്ടുള്ള ₹116051 യുടെയും റീഫണ്ട് ഓഫ് അൺ യുട്ടിലൈസ്ഡ് ഗ്രാന്റ് – പ്രയർ പിരീയഡ് എന്ന ഹെഡിൽ കാണിച്ചിട്ടുള്ള ₹367196 യുടെയും വിശദംശം ലഭ്യമാക്കിയിട്ടില്ല.
2) ബാലൻസ് ഷീറ്റ് ബി-4 ഷെഡ്യൂളിലെ നാഷണൽ റൂറൽ ഡ്രിങ്കിംഗ് വാട്ടർ പ്രോഗ്രാം ഇനത്തിൽ ചെലവഴിക്കാൻ ബാക്കി നിൽക്കുന്ന ₹2224177 യുടെ വിശദാംശം ലഭ്യമാക്കിയിട്ടില്ല.
3) ബാലൻസ് ഷീറ്റ് ബി-4 ഷെഡ്യൂളിലെ ഗുണഭോക്തൃ വിഹിതമിനത്തിൽ ചെലവഴിക്കാൻ ബാക്കി നിൽക്കുന്ന ₹5806609 യുടെ വിശദാംശം ലഭ്യമാക്കിയിട്ടില്ല.

## 1-1-7 ക്യാഷ് ഫ്ലോ പത്രികയിലെ തൻവർഷത്തെ ആകെ ക്യാഷ് ഫ്ലോയും പത്രികയിൽ മുന്നിരിപ്പും നീക്കിയിരിപ്പും തമ്മിലുള്ള വ്യത്യാസമായി ചേർത്തിരിക്കുന്ന തുകയും പൊരുത്തപ്പെടുന്നില്ല.

ക്യാഷ് ഫ്ലോ പത്രികയിലെ തൻവർഷത്തെ ആകെ ക്യാഷ് ഫ്ലോയും പത്രികയിൽ മുന്നിരിപ്പും നീക്കിയിരിപ്പും തമ്മിലുള്ള വ്യത്യാസമായി ചേർത്തിരിക്കുന്ന തുകയും പൊരുത്തപ്പെടുന്നില്ല. ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് പ്രകാരം 2023-24 കാലയളവിലെ "Net Increase/Decrease In Cash And Cash Equivalents" ആയി രേഖപ്പെടുത്തിയിരിക്കുന്നത് ₹4370783 യാണ്. എന്നാൽ ഇതേ പത്രികയിൽ 2023-24 കാലയളവിൽ "Net Cash Generated By Operating + Investing + Financing Activity" ആയി രേഖപ്പെടുത്തിയിരിക്കുന്നത് ₹-9686036 യാണ്. അംഗീകരിക്കപ്പെട്ട അക്കൗണ്ടിങ്ങ് സ്റ്റാൻഡേർഡ് പ്രകാരം മേൽ രണ്ടു തുകകളും പൊരുത്തപ്പെടേണ്ടതാണെങ്കിലും പഞ്ചായത്ത് സമർപ്പിച്ച സ്റ്റേറ്റ്മെന്റിലെ രണ്ട് തുകകൾ തമ്മിൽ പൊരുത്തപ്പെടുന്നില്ല.

## 1-1-8 നികുതി നികുതിയേതര വരുമാനങ്ങൾക്ക് സമയബന്ധിതമായി ഡിമാന്റ് രേഖപ്പെടുത്തുന്നില്ല.

നികുതി നികുതിയേതര വരുമാനങ്ങൾക്ക് സമയബന്ധിതമായി ഡിമാന്റ് രേഖപ്പെടുത്തുന്നില്ല. വസ്തുനികുതി വർഷത്തിൽ രണ്ട് തവണ മാത്രമേ ഡിമാന്റ് രേഖപ്പെടുത്തിയിട്ടുള്ളു (നവംബർ, മാർച്ച്).

## 1-1-9 2011 ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ പ്രകാരമുള്ള പത്രികകൾ സമർപ്പിച്ചിട്ടില്ല.

1) 2011 ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ട പ്രകാരം വാർഷിക ധനകാര്യ പത്രികയോടൊപ്പം ഉൾപ്പെടുത്തേണ്ട അടിസ്ഥാന അനുപാതങ്ങൾ (റേഷ്യോസ്) (ചട്ടം 62F), 2011 ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങളിലെ ചട്ടം 62(3) പ്രകാരം ഉൾപ്പെടുത്തേണ്ട വാർഷിക ധനകാര്യ പത്രികയിൽ മുൻവർഷത്തെ താരതമ്യ തുകകൾ എന്നിവ ഉൾപ്പെടുത്തിയിട്ടില്ല.
2) തൻവർഷത്തെ പ്രവർത്തനഫലം ക്രമീകരിച്ചതിന്റെ കണക്ക് ഉൾപ്പെടുത്തിയ B-1 ഷെഡ്യൂൾ വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല.

## 1-1-10 ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല

B-11 Fixed Assets ഷെഡ്യൂളിലെ കൃത്യത പരിശോധിക്കാനാവശ്യമായ രീതിയിൽ തയ്യാറാക്കിയ കാലികമാക്കിയ ആസ്തി രജിസ്റ്റർ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

## 1-1-11 ഡിപ്രീസിയേഷൻ കണക്കാക്കിയതിന്റെ രേഖകൾ ലഭ്യമാക്കിയിട്ടില്ല.

ഇൻകം & എക്സ്പെൻഡിച്ചർ പ്രകാരം തൻവർഷം ആസ്തികൾക്ക് ₹15152640 ഡിപ്രീസിയേഷൻ രേഖപ്പെടുത്തിയിട്ടുണ്ട്. ആയതിന്റെ കൃത്യത വ്യക്തമാക്കുന്ന രേഖകൾ ലഭ്യമാക്കിയിട്ടില്ല.

## 1-1-12 ഡെപ്പോസിറ്റ് പ്രവൃത്തികൾക്ക് തുക നൽകി വിനിയോഗ സാക്ഷ്യപത്രം ലഭിക്കാത്ത പ്രവൃത്തികളുടെ വിവരം ബി-18ൽ ചേർത്തില്ല

സെക്രട്ടറി നിർവ്വഹണം നടത്തിയ പ്രൊജക്റ്റ് നമ്പർ 49/24 പ്രകാരം പി.ഡബ്ല്യു.ഡി യിൽ ഡെപ്പോസിറ്റ് ചെയ്ത ₹600000യുടെ വിനിയോഗസാക്ഷ്യപത്രം നാളിതുവരെ ലഭ്യമായിട്ടില്ല. എന്നാൽ ആയത് ബാലൻസ് ഷീറ്റിലെ ബി-18 അഡ്വാൻസ് ശീർഷകത്തിൽ ചേർത്തിട്ടില്ല.

## 1-1-13 ലോൺ രജിസ്റ്റർ കൃത്യമായി എഴുതി സൂക്ഷിച്ചിട്ടില്ല

ലോൺ രജിസ്റ്റർ കൃത്യമായി എഴുതി സൂക്ഷിക്കാത്തതിനാൽ വായ്പ/വായ്പ തിരിച്ചടവ് എന്നീ തുകകളുടെ കൃത്യത പരിശോധിക്കാൻ സാധിച്ചിട്ടില്ല.

## 1-2 ബജറ്റ്

ധർമ്മടം ഗ്രാമ പഞ്ചായത്തിന്റെ 2023-24 സാമ്പത്തിക വർഷത്തെ ബജറ്റ് 07.03.2023 തീയതിയിലെ 71/2023 നമ്പർ തീരുമാന പ്രകാരവും പുതുക്കിയ ബജറ്റ് 09.02.2024 ലെ 56/2024 നമ്പർ തീരുമാനപ്രകാരവും അംഗീകരിച്ചിട്ടുണ്ട്. വിശദ വിവരം താഴെ കൊടുക്കുന്നു.

| | ബജറ്റ് പ്രകാരം | പുതുക്കിയ ബജറ്റ് പ്രകാരം |
|---|---|---|
| മുന്നിരിപ്പ് (₹) | 39,12,555 | 1,38,27,351 |
| വരവ് (₹) | 26,49,97,500 | 23,49,37,000 |
| ആകെ (₹) | 26,89,10,055 | 24,87,64,351 |
| ചെലവ് (₹) | 26,46,00,000 | 23,46,00,000 |
| നീക്കിയിരിപ്പ് (₹) | 43,10,055 | 1,41,64,351 |

## 1-3 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 2,97,27,744 |
| വരവ് | 6,67,37,358 |
| ആകെ | 9,64,65,102 |
| ചെലവ് | 6,23,66,575 |
| നീക്കിയിരിപ്പ് | 3,40,98,527 |
| വരവിനങ്ങളിലെ നഷ്ടം | 0 |
| ചെലവിനങ്ങളിലെ നഷ്ടം | 0 |
| തടസ്സപ്പെടുത്തിയ തുക | 2074974 |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് ₹ | വരവ് ₹ | ആകെ ₹ | ചെലവ് ₹ | നീക്കിയിരിപ്പ്/ ലാപ്സായ തുക ₹ |
|---|---|---|---|---|---|
| വികസന ഫണ്ട് - ജനറൽ | 0 | 26234000 | 26234000 | 21056519 | 5177481 |
| വികസന ഫണ്ട്-എസ് സി പി | 0 | 1531000 | 1531000 | 1182355 | 348645 |

| | | | | | |
|---|---|---|---|---|---|
| മെയിന്റനൻസ് ഫണ്ട് - റോഡ് | 0 | 6616650 | 6616650 | 1616958 | 4999692 |
| മെയിന്റനൻസ് ഫണ്ട് - നോൺ റോഡ് | 0 | 3908600 | 3908600 | 3032302 | 876298 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ്-ടൈഡ് | 1757998 (ബാങ്ക്) 1106618 (ട്രഷറി) | 3258000 | 6122616 | 3833583 | 1182415 (ബാങ്ക്) 1106618 (ട്രഷറി) |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് – അൺ ടൈഡ് | 6625186 (ബാങ്ക്) 0 (ട്രഷറി) | 4582283 | 11207469 | 3972658 | 7234811 |
| ഐ സി ഡി എസ് കേന്ദ്രവിഹിതം | 1493778 | 1729205 | 3222983 | 1486700 | 1736283 |
| അദർ സ്കീം | 1820 | 0 | 1820 | 1820 | 0 |
| സ്വച്ഛ് ഭാരത് അഭിയാൻ (റൂറൽ & അർബൻ) | 0 | 312000 | 312000 | 312000 | 0 |
| ഹെൽത്ത് ഗ്രാന്റ്-ഡയഗ്നോസ്റ്റിക് ഇൻഫ്രാസ്ട്രക്ചർ | 101442 | 1029900 | 1131342 | 105716 | 1025626 |
| ഹെൽത്ത് ഗ്രാന്റ്-വെൽനസ്സ് ഗ്രാന്റ് | 1142 | 425154 | 426296 | 37651 | 388645 |
| എം പി ഫണ്ട് | 19006 | 274 | 19280 | 19280 | 0 |
| ഹെൽത്ത് മിഷൻ ഫണ്ട് | 463000 | 425993 | 888993 | 783554 | 105439 |
| കുടിവെള്ള പ്രൊജക്ട് | 2224177 | 0 | 2224177 | 0 | 2224177 |
| എംജിഎൻആർഇജിഎസ് | 458131 | 696592 | 1154723 | 1154723 | 0 |
| സാക്ഷരത | 226 | 0 | 226 | 0 | 226 |
| സി എസ് ആർ ഫണ്ട് | 830000 | 0 | 830000 | 0 | 830000 |
| ലൈഫ് മിഷൻ | 2300000 | 4141368 | 6441368 | 3450000 | 2991368 |
| പ്രത്യേക ഉദ്ദേശ്യ ഗ്രാന്റ് | 70 | 0 | 70 | 0 | 70 |
| അവാർഡ് (ആർദ്രം പുരസ്കാരം) | 300000 | 0 | 300000 | 0 | 300000 |

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ എണ്ണം | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|---|
| 217 | 126436681 | 146 | 51379686 | 18 | 71 | 128 | 58.99 |

<u>പൂർത്തിയാക്കാതെ ഉപേക്ഷിക്കപ്പെട്ട പദ്ധതികൾ</u>

ഇല്ല

<u>നിർവ്വഹണ ഉദ്യോഗസ്ഥർ നടപ്പാക്കിയ പദ്ധതികളുടെ വിവരങ്ങൾ</u>

| നിർവ്വഹണ ഉദ്യോഗസ്ഥൻ | ആകെ പദ്ധതികളുടെ എണ്ണം | നടപ്പാക്കിയ പദ്ധതികളുടെ എണ്ണം | പദ്ധതി അടങ്കൽ (₹) | പദ്ധതി ചെലവ് (₹) | ചെലവ് ശതമാനം |
|---|---|---|---|---|---|
| കൃഷി ഓഫീസർ | 6 | 6 | 2767300 | 2733700 | 98.78 |
| വെറ്റിനറി സർജ്ജൻ | 6 | 5 | 2136400 | 747857 | 35 |
| മെഡിക്കൽ ഓഫീസർ, പി.എച്ച്.സി | 13 | 11 | 6876094 | 3092503 | 44.97 |
| മെഡിക്കൽ ഓഫീസർ, ഹോമിയോ | 1 | 1 | 200000 | 200000 | 100 |
| മെഡിക്കൽ ഓഫീസർ, ആയുർവേദം | 2 | 2 | 650000 | 630032 | 96.93 |
| സബ് ഇൻസ്പക്ടർ ഓഫ് ഫിഷറീസ് | 7 | 7 | 1954151 | 1953678 | 99.98 |
| വി.ഇ.ഒ, പാലയാട് സർക്കിൾ | 16 | 12 | 8203765 | 3843208 | 46.85 |
| വി.ഇ.ഒ, ധർമ്മടം സർക്കിൾ | 15 | 9 | 32290102 | 13189488 | 40.85 |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | 11 | 7 | 7418327 | 4387882 | 59.15 |
| സെക്രട്ടറി | 41 | 31 | 17225022 | 5932259 | 34.44 |
| ഹെഡ് മാസ്റ്റർ | 12 | 9 | 2538426 | 1809195 | 71.27 |
| അസിസ്റ്റന്റ് എഞ്ചിനീയർ | 81 | 40 | 42922597 | 11777915 | 27.44 |
| ഡയറി ഫാം ഇൻസ്ട്രക്ടർ | 2 | 2 | 1100000 | 971000 | 88.27 |
| അസിസ്റ്റന്റ് സെക്രട്ടറി | 4 | 4 | 154497 | 110969 | 71.83 |
| ആകെ | 217 | 146 | 126436681 | 51379686 | 40.64 |

## <u>1-6 മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പു പദ്ധതി</u>

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| ഭരണചെലവുകൾ | 458131 | 696592 | 11154723 | 1144367<br>+10356<br>(തിരിച്ചടവ്) | 0 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് (മെറ്റീരിയൽ കോസ്റ്റ് ഉൾപ്പെടെ) | 0 | `18174238 | 18174238 | 18174238 | 0 |
| ആകെ | 458131 | 18870830 | 19328961 | 19328961 | 0 |

## 1-7 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെപേര് | ചെലവഴിച്ച തുക (₹) | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| കർഷക തൊഴിലാളിപെൻഷൻ | 937000 | 92 |
| വിധവാ പെൻഷൻ | 12430600 | 1195 |
| വാർദ്ധക്യകാല പെൻഷൻ | 31414100 | 3276 |
| ഭിന്നശേഷിക്കാർക്കുള്ള പെൻഷൻ | 3648800 | 349 |
| 50 വയസിനു മുകളിലുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 4182200 | 386 |
| വിവാഹധനസഹായം | 120000 | 4 |

## 1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്റ്റിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 24.08.2024 തീയതിയിൽ 2.50 PM ന് സെക്രട്ടറിയുടെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ ₹2453 ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

ഗ്രാമപഞ്ചായത്തിലെ ആഭ്യന്തര നിയന്ത്രണ സംവിധാനം പൊതുവേ തൃപ്തികരമാണ്. വിവിധ സെക്ഷനുകളുടെ ചുമതലകളും ഉത്തരവാദിത്തങ്ങളും നിർണയിച്ചുകൊണ്ടുള്ള വിശദമായ ജോലി വിഭജനരേഖ തയ്യാറാക്കിയിട്ടുണ്ട്. ഓഫീസ് ഉത്തരവുകളിലൂടെ ആവശ്യമായ മാറ്റങ്ങൾ വരുത്തുകയും നിർദ്ദേശങ്ങൾ നല്കുകയും ചെയ്യുന്നുണ്ട്. സ്റ്റാഫ് മീറ്റിങ്ങുകൾ ചേർന്ന് ഓഫീസിന്റെ പ്രവർത്തനം വിലയിരുത്തുകയും അപാകങ്ങൾ പരിഹരിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ നല്കുകയും ചെയ്തിട്ടുണ്ട്. സ്റ്റാഫ് മീറ്റിങ്ങുകളിൽ നികുതികൾ പിരിച്ചെടുക്കുന്നതിലെ പുരോഗതിയും, ഐ.എൽ.ജി.എം.എസ് വഴി ഫയൽ കൈകാര്യം ചെയ്യുന്നതിലെ പുരോഗതിയും, ഫ്രണ്ട് ഓഫീസിന്റെ പ്രവർത്തനം വിലയിരുത്തുകയും പൊതുജനങ്ങൾക്ക് കാലതാമസമില്ലാതെ സേവനങ്ങൾ

ലഭ്യമാകുന്നുണ്ടെന്ന് ഉറപ്പുവരുത്താനുള്ള നടപടികൾ സ്വീകരിക്കാൻ ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്.

## 1-10 ഗ്രാമസഭ

ഗ്രാമപഞ്ചായത്തിലെ 18 വാർഡുകളിലും 2023-24 വർഷം 2 തവണ വീതമാണ് ഗ്രാമസഭ യോഗങ്ങൾ ചേർന്നിട്ടുള്ളത്. 2023-24 വാർഷിക പദ്ധതി ഗുണഭോക്തൃ പട്ടിക അംഗീകരിക്കൽ, 2022-23 വാർഷിക പദ്ധതി ഗുണഭോക്തൃ പട്ടിക സാധൂകരണം, മഴക്കാലപൂർവ ശുചീകരണം, വിവിധ സാമൂഹ്യ സുരക്ഷാ പെൻഷനുകളുടെ ഗുണഭോക്താക്കളെ അംഗീകരിക്കൽ, എം.ജി.എൻ.ആർ.ഇ.ജി.എസ് ആക്ഷൻ പ്ലാൻ, ലേബർ ബജറ്റ് അംഗീകരിക്കൽ, 2023-24 വാർഷിക പദ്ധതി അഡീഷണൽ ഗുണഭോക്തൃ പട്ടിക അംഗീകരിക്കൽ, 2024-25 വാർഷിക പദ്ധതി രൂപീകരണം തുടങ്ങിയവ അജണ്ടയിൽ ഉൾപ്പെടുത്തുകയും, മിനുട്സിൽ നിർദ്ദേശങ്ങളും തീരുമാനങ്ങളും രേഖപ്പെടുത്തുകയും ചെയ്തിട്ടുണ്ട്.

## 1-11 വസ്തു നികുതി പരിഷ്കരണ നടപടിക്രമങ്ങൾ പൂർത്തിയായിട്ടില്ല

22.03.2023 ലെ സ.ഉ(കൈ)നം.77/2023/തസ്വഭവ പ്രകാരം 01.04.2023 പ്രാബല്യത്തിൽ വസ്തു നികുതി പുതുക്കി നിശ്ചയിക്കുന്നതിന് സർക്കാർ മാർഗ്ഗനിർദ്ദേശം പുറപ്പെടുവിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായി കെട്ടിടങ്ങളുടെ ശരിയായ വിവരങ്ങൾ ഫീൽഡ് പരിശോധന നടത്തി സോഫ്ട്‌വെയറിൽ ചേർക്കേണ്ടതുണ്ട്. ഈ വിവരങ്ങളുടെ അടിസ്ഥാനത്തിൽ മാറ്റം വന്ന കാലം മുതൽ നികുതി പുനർനിർണ്ണയിക്കേണ്ടതുമുണ്ട്. ഇതിനാവശ്യമായ പരിശോധനകൾ എത്രയും വേഗം പൂർത്തീകരിക്കാൻ പ്രസ്തുത ഉത്തരവിൽ നിർദ്ദേശിക്കുന്നുണ്ട്. വസ്തുനികുതി പരിഷ്കരണത്തിന്റെ പുരോഗതി വിവരം അറിയിക്കുവാൻ ആവശ്യപ്പെട്ട ഓഡിറ്റ് എൻക്വയറിക്ക് (നം.1/22.08.2024) ജി.ഐ.എസ് മാപ്പിംഗ് മുഖാന്തിരം വിവരങ്ങൾ ശേഖരിച്ചിട്ടുണ്ടെന്നും ടി വിവരങ്ങൾ സഞ്ചയ സോഫ്റ്റ്‌വെയറിൽ ഉൾപ്പെടുത്തി തുടർനടപടികൾ സ്വീകരിക്കുന്നതാണെന്നും മറുപടി നല്കിയിട്ടുണ്ട്. വസ്തു നികുതി പരിഷ്കരണം പൂർത്തിയാക്കിയില്ലെങ്കിൽ അത് നികുതി ശോഷണത്തിനും വരുമാന നഷ്ടത്തിനും കാരണമാകുന്നതാണ്. സഞ്ചയയിൽ വസ്തു നികുതി പരിഷ്കരിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കേണ്ടതാണ്.

## 1-12 വസ്തു നികുതി പരിഷ്കരണം - കെട്ടിടങ്ങളുടെയും ഉപവിഭാഗങ്ങളുടെയും വിവരം സഞ്ചയയിൽ വ്യത്യസ്തമായി നൽകി

സ.ഉ(അച്ചടി)നം.25/2023/തസ്വഭവ, 05.04.23 (എസ് ആർ ഒ നമ്പർ 479/2023) പ്രകാരം വ്യത്യസ്ത കെട്ടിടങ്ങളുടെയും ഉപവിഭാഗങ്ങളുടെയും വിവരവും അവയ്ക്ക് ഈടാക്കാവുന്ന കുറഞ്ഞതും കൂടിയതുമായ വസ്തു നികുതി നിരക്കും താഴെ കൊടുക്കുന്നു.

| ക്രമ നമ്പർ | കെട്ടിടങ്ങളുടെയും ഉപവിഭാഗങ്ങളുടെയും വിവരം | ഏറ്റവും കുറഞ്ഞ നിരക്ക് (₹) | ഏറ്റവും കൂടിയ നിരക്ക് (₹) |
|---|---|---|---|
| 1 | സ്വന്തം താമസത്തിന് ഉപയോഗിക്കുന്ന പാർപ്പിടങ്ങൾ, ഹോംസ്റ്റേ (ഉടമസ്ഥൻ താമസിക്കുന്നതും ഒന്നോ അതിലധികമോ മുറികൾ വിനോദസഞ്ചാരികൾക്ക് | 6 | 10 |

| | | | |
|---|---|---|---|
| | വാടകയ്ക്ക് നൽകുന്നതുമായ പാർപ്പിടങ്ങൾ)-300 ച.മീ വരെയുള്ളവ | | |
| 2 | പാർപ്പിടങ്ങൾ, ഹോംസ്റ്റേ (ഉടമസ്ഥൻ താമസിക്കുന്നതും ഒന്നോ അതിലധികമോ മുറികൾ വിനോദസഞ്ചാരികൾക്ക് വാടകയ്ക്ക് നൽകുന്നതുമായ പാർപ്പിടങ്ങൾ)-300 ച.മീ മുകളിലുള്ളവ | 8 | 12 |

മേൽ വിജ്ഞാപനത്തിന്റെ അടിസ്ഥാനത്തിൽ ധർമ്മടം ഗ്രാമപഞ്ചായത്ത് 14.09.2023 തീയതിയിൽ SC-3/5295/2023 തീരുമാന പ്രകാരം പുറപ്പെടുവിച്ച അന്തിമ വിജ്ഞാപനത്തിൽ മേൽ പട്ടികയിൽ പരാമർശിച്ച കെട്ടിട വിഭാഗങ്ങളുടെ നികുതി നിരക്ക് യഥാക്രമം ₹6, ₹10 എന്നിങ്ങനെയാണ്. എന്നാൽ 2023-24 കാലയളവിലെ ന്യൂ ബിൽഡിംഗ് രജിസ്റ്ററിൽ ഉൾപ്പെട്ട താഴെ പറയുന്ന കെട്ടിടത്തിനെ തെറ്റായ ഉപവിഭാഗങ്ങളിൽപ്പെടുത്തിയാണ് വസ്തു നികുതി നിർണ്ണയിച്ചിട്ടുള്ളത്.

| കെട്ടിട നമ്പർ | കെട്ടിട ഉടമസ്ഥന്റെ പേര് | കെട്ടിട വിസ്തീർണം ച.മീ | സഞ്ചയയിൽ ഉൾപ്പെടുത്തിയ കെട്ടിടത്തിന്റെ ഉപവിഭാഗം | സഞ്ചയ യിൽ ഉൾപ്പെടു ത്തേണ്ട കെട്ടിട ത്തിന്റെ ഉപവിഭാഗം | ഈടാ ക്കേണ്ട വസ്തു നികുതി (₹) | സഞ്ചയ പ്രകാരം ഈടാ ക്കിയ വസ്തു നികുതി (₹) |
|---|---|---|---|---|---|---|
| 14/493 A | മുഹമ്മദ് മുസ്തഫ | 715.94 | പാർപ്പിടാവശ്യം-സ്വന്തം താമസത്തിന് ഉപയോഗിക്കുന്ന പാർപ്പിടങ്ങൾ, ഹോംസ്റ്റേ, (വിനോദ സഞ്ചാരികൾക്ക് വാടകയ്ക്ക് നൽകുന്നത്) 300 ച.മീ. വരെയുള്ളവ | പാർപ്പിടങ്ങൾ, ഹോംസ്റ്റേ (ഉടമസ്ഥൻ താമസിക്കുന്നതും ഒന്നോ അതിലധികമോ മുറികൾ വിനോദ സഞ്ചാരികൾക്ക് വാടകയ്ക്ക് നൽകുന്നതുമായ പാർപ്പിടങ്ങൾ)-300 ച.മീ മുകളിലുള്ളവ | ₹10 | ₹6 |

ഗ്രാമ പഞ്ചായത്തിലെ 2023-24 വർഷത്തെ പുതിയ കെട്ടിട രജിസ്റ്ററും സഞ്ചയ സോഫ്റ്റ് വെയറിലെ ഫാറം 6 ഉൾപ്പെടെയുള്ള അസസ്മെന്റ് വിവരങ്ങളും തമ്മിൽ പരിശോധിച്ചതിൽ കെട്ടിടങ്ങളുടെ ഉപവിഭാഗ ക്രമങ്ങൾ സഞ്ചയ പോർട്ടലിൽ തെറ്റായി ഉൾപ്പെടുത്തി നികുതി നിർണ്ണയം നടത്തിയിട്ടുണ്ട്. കെട്ടിടങ്ങളുടെ ഉപവിഭാഗം സഞ്ചയയിൽ വ്യത്യസ്തമായി നൽകിയത് സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (17/27.08.2024) പരിശോധിച്ച് മാറ്റം വരുത്തുന്നതാണെന്ന മറുപടിയാണ് നല്കിയിട്ടുള്ളത്.

പാർപ്പിടങ്ങൾ, ഹോംസ്റ്റേ (ഉടമസ്ഥൻ താമസിക്കുന്നതും ഒന്നോ അതിലധികമോ മുറികൾ വിനോദസഞ്ചാരികൾക്ക് വാടകയ്ക്ക് നൽകുന്നതുമായ പാർപ്പിടങ്ങൾ)-300 ച.മീ. മുകളിലുള്ളവയ്ക്ക് പാർപ്പിടാവശ്യം - സ്വന്തം താമസത്തിന് ഉപയോഗിക്കുന്ന പാർപ്പിടങ്ങൾ, ഹോംസ്റ്റേ, (വിനോദ സഞ്ചാരികൾക്ക് വാടകയ്ക്ക് നൽകുന്നത്) 300 ച.മീ.

വരെയുള്ളവ എന്ന ഗണത്തിലും പ്രത്യേക പാർപ്പിടാവശ്യങ്ങൾക്കുള്ള ക്വാർട്ടേഴ്സുകൾക്കും വാണിജ്യാവശ്യത്തിനായി ഉപയോഗിക്കുന്ന കെട്ടിടങ്ങൾക്കും പാർപ്പിടാവശ്യങ്ങൾക്കുള്ള കെട്ടിടങ്ങളുടെ നിരക്കിലുമാണ് നികുതി നിർണ്ണയം നടത്തിയിട്ടുള്ളത്.

01.04.2023 മുതൽ പുതുതായി നിർമ്മിച്ച മുഴുവൻ കെട്ടിടങ്ങളുടെയും അസ്സസ്സ്മെന്റ് സഞ്ചയയിൽ പരിശോധിക്കേണ്ടതും കെട്ടിടങ്ങളുടെ ഉപയോഗക്രമം/ഉൾപ്പെടുത്തിയ ഉപവിഭാഗം ഇത്തരത്തിൽ തെറ്റായി രേഖപ്പെടുത്തി നികുതി നിർണ്ണയം നടത്തിയിട്ടുണ്ടോയെന്ന് പരിശോധിക്കേണ്ടതും നഷ്ടം ഉണ്ടായിട്ടുണ്ടെങ്കിൽ ഈടാക്കി വിവരം അറിയിക്കേണ്ടതുമാണ്. പുതിയ കെട്ടിടങ്ങളുടെ നികുതി അസ്സസ്സ്മെന്റ് നടത്തുമ്പോൾ കൂടുതൽ ശ്രദ്ധ പുലർത്തേണ്ടതും നികുതി ശോഷണം ഒഴിവാക്കേണ്ടതുമാണ്.

## 1-13 വസ്തു നികുതി- കെട്ടിടങ്ങളുടെ വിസ്തീർണം - ജി ഐ എസ് മാപ്പിംഗിലെ വിവരങ്ങളും സഞ്ചയയിലെ വിവരങ്ങളും പൊരുത്തപ്പെടുന്നില്ല.

ഗ്രാമ പഞ്ചായത്തിലെ കെട്ടിടങ്ങളുടെ വിവരശേഖരണം ജി.ഐ.എസ് മാപ്പിംഗ് വഴി നടത്തിയിട്ടുണ്ട്. കെട്ടിടങ്ങളുടെ ജി.ഐ.എസ് മാപ്പിംഗ് പ്രകാരമുള്ള വിവരങ്ങളും സഞ്ചയ സോഫ്റ്റ്‌വെയറിലെ വിവരങ്ങളും തമ്മിൽ താരതമ്യപ്പെടുത്തി പരിശോധന നടത്തിയപ്പോൾ കെട്ടിടങ്ങളുടെ വിസ്തീർണ്ണങ്ങൾ തമ്മിൽ വ്യത്യാസമുണ്ട്. ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | വാർഡ് നമ്പർ/ കെട്ടിട നമ്പർ | പ്ലിന്ത് ഏരിയ (ച.മീ) - സഞ്ചയ പ്രകാരം | പ്ലിന്ത് ഏരിയ (ച.മീ) - ജി.ഐ എസ് മാപ്പിംഗ് പ്രകാരം |
|---|---|---|---|
| 1 | 13/471 | 11 | 9.4 |
| 2 | 13/163 | 19 | 17.4 |
| 3 | 7/211 | 17.6 | 36.1 |
| 4 | 11/83 | 14.84 | 18.41 |
| 5 | 6/98 | 144 | 20.9 |
| 6 | 7/212 | 13.6 | 36.1 |
| 7 | 4/561 | 15.95 | 16.1 |
| 8 | 4/568 A | 4 | 3 |
| 9 | 4/560 | 16.62 | 14.1 |
| 10 | 11/338 | 10.3 | 23 |
| 11 | 10/386 | 33 | 51.2 |
| 12 | 14/137 A | 56.16 | 47.52 |
| 13 | 14/130 | 16.12 | 15 |
| 14 | 15/271 B | 21.11 | 17.41 |
| 15 | 15/385 | 15.41 | 12.89 |
| 16 | 4/491 A | 41.63 | 37.87 |
| 17 | 17/140 | 180.2 | 163.1 |
| 18 | 17/141 | 133.45 | 158.5 |
| 19 | 1/323 | 13.65 | 9.76 |
| 20 | 2/148 | 13 | 19.3 |
| 21 | 2/149 | 13 | 19.3 |
| 22 | 13/158 | 7.6 | 7.92 |

| | | | |
|---|---|---|---|
| 23 | 7/148 | 13 | 8.92 |
| 24 | 15/185 | 13 | 10.43 |
| 25 | 11/43 | 10.08 | 11.56 |
| 26 | 3/192 | 15.12 | 13.23 |
| 27 | 18/187 | 6 | 14 |
| 28 | 17/217 | 16.53 | 27.06 |
| 29 | 14/127 | 49.59 | 29.98 |
| 30 | 7/141 | 8 | 12.6 |
| 31 | 2/490 | 12 | 15.51 |

കെട്ടിടങ്ങളുടെ ഫീൽഡ് പരിശോധന നടത്തി കൃത്യമായ വിവരങ്ങൾ ശേഖരിക്കേണ്ടതും ജി.ഐ.എസ് മാപ്പിംഗ് പ്രകാരമുള്ള ഡാറ്റയിൽ പിഴവുകൾ വന്നതാണെങ്കിൽ മാപ്പിംഗ് നടത്തിയ ഏജൻസിയിൽ നിന്നും വിശദീകരണം തേടേണ്ടതുമാണ്. മേൽ അപാകം സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.17/27.08.204) ലഭ്യമാക്കിയ മറുപടിയിൽ അപാകങ്ങൾ പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരികയാണെന്ന് അറിയിച്ചിട്ടുണ്ട്. മുഴുവൻ കെട്ടിടങ്ങളുടെയും പരിശോധന നടത്തി കെട്ടിടങ്ങളുടെ അധികം വരുന്ന ഭാഗത്തിന് വസ്തുനികുതി ചുമത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതും തുടർനടപടികൾ സംബന്ധിച്ച വിവരം ലഭ്യമാക്കേണ്ടതുമാണ്.

## 1-14 മൊബൈൽ ടവർ വസ്തുനികുതി കുടിശ്ശിക- തുടർനടപടി വിവരം അറിയിക്കേണ്ടതാണ്

സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരമുള്ള വിവരങ്ങൾ പ്രകാരം ചുവടെ ചേർത്തിരിക്കുന്ന മൊബൈൽ ടവറിന്റെ വസ്തുനികുതി ഇനത്തിൽ കുടിശ്ശിക ഉണ്ട്.

| വാർഡ്/ കെട്ടിട നമ്പർ | മൊബൈൽ ടവറിന്റെ വിവരം | കുടിശ്ശിക കാലയളവ് | വാർഷിക നികുതി (₹) |
|---|---|---|---|
| 15/10 A | എയർസെൽ ഇൻഫ്രാസ്ട്രക്ചർ ലിമിറ്റഡ് | 2022-23 രണ്ടാം അർദ്ധവർഷം മുതൽ | 7,670 |

കുടിശ്ശിക ഈടാക്കാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.30/22.08.2024) തുക ഈടാക്കാനായി കേസ് ഫയൽ ചെയ്തിട്ടുണ്ട് എന്ന് മറുപടിയാണ് നൽകിയത്. കേസിന്റെ തുടർനടപടി വിവരം അറിയിക്കേണ്ടതാണ്.

## 1-15 അനധികൃത നിർമ്മാണങ്ങൾ യഥാസമയം കണ്ടെത്തി തുടർനടപടികൾ സ്വീകരിക്കുന്നില്ല

സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരം ബിൽഡിംഗ് ഡീറ്റെയിൽസ് പരിശോധിച്ചതിൽ പഞ്ചായത്ത് പരിധിയിൽ 258 അനധികൃത കെട്ടിടങ്ങളാണുള്ളത് എന്ന് കണ്ടു. ഗ്രാമപഞ്ചായത്തിൽ അനധികൃത നിർമ്മാണങ്ങൾ നടക്കുന്നുണ്ടെങ്കിലും ആയത് യഥാസമയം കണ്ടെത്തി റിപ്പോർട്ട് ചെയ്യുന്നതിലും തുടർനടപടികൾ സ്വീകരിക്കുന്നതിലും വീഴ്ചയുണ്ടാകുന്നുവെന്നാണ് ഇതിൽ നിന്നും വ്യക്തമാകുന്നത്. അനധികൃത നിർമ്മാണങ്ങൾ റിപ്പോർട്ട് ചെയ്യുന്ന തീയതി മുതൽ മാത്രമാണ് കേരള പഞ്ചായത്ത് രാജ് നിയമം 235 എഎ പ്രകാരം വസ്തുനികുതിയും അതിന്റെ രണ്ടിരട്ടി വരുന്ന തുകയും ചേർന്നുള്ള തുക ഈടാക്കാനാവുന്നത്. നിയമവിധേയമല്ലാത്ത നിർമ്മാണങ്ങൾ തടയുന്നതിനും സമയബന്ധിതമായ ഇടപെടലുകൾ അത്യാവശ്യമാണ്.

അനധികൃത കെട്ടിങ്ങൾക്കെതിരെ നിയമാനുസൃത നടപടികൾ സ്വീകരിച്ചതിന്റെ വിവരം, ഈ കെട്ടിടങ്ങളുടെ ചട്ടലംഘനങ്ങളുടെയും അവ പരിഹരിക്കപ്പെട്ടതിന്റെയും വിശദാംശങ്ങൾ, ചട്ടലംഘനത്തിനെതിരെ സ്വീകരിച്ച നടപടികൾ എന്നിവ സംബന്ധിച്ച വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല. ഇതു സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (നം.38/31.08.2024) മറുപടിയായി 2023-24 സാമ്പത്തിക വർഷത്തിൽ ആറ് കെട്ടിടങ്ങൾക്ക് യു എ നമ്പർ അനുവദിച്ചിട്ടുണ്ടെന്നും മൂന്നിരട്ടി നികുതി ഈടാക്കിയിട്ടുണ്ടെന്നും അറിയിച്ചിട്ടുണ്ട്. കെട്ടിടം നിർമ്മാണം ആരംഭിച്ചപ്പോഴോ, കെട്ടിട നിർമ്മാണം നടക്കുന്ന വേളയിലോ ഗ്രാമപഞ്ചായത്തിന് ചട്ടപ്രകാരമുള്ള നടപടികൾ സ്വീകരിക്കാവുന്നതാണ്.
താഴെപ്പറയുന്ന സ്ഥാപനങ്ങളിൽ നിന്നും വസ്തു നികുതി ഈടാക്കിയിട്ടില്ല.
1. 11/105, 107, 108 ഹാർബർ എഞ്ചിനീയറിംഗ് ബിൽഡിങ്ങ് 2022-23 മുതൽ
2. 14/1 പോലീസ് സ്റ്റേഷൻ ബിൽഡിങ്ങ് 2023-24 മുതൽ
3. തൊഴിൽ നികുതി രജിസ്റ്റർ പ്രകാരം വില്ലേജ് ഓഫീസ് ജിവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നുണ്ട്. എന്നാൽ വില്ലേജ് ഓഫീസിന്റെ കെട്ടിട നമ്പർ സഞ്ചയ പോർട്ടലിൽ ലഭ്യമല്ല. വസ്തു നികുതി ഈടാക്കുന്നുണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണ് എന്നാവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (നം.38/31.08.2024) കെട്ടിട നമ്പർ അനുവദിച്ചിട്ടില്ലെന്നാണ് അറിയിച്ചത്. സ്വീകരിച്ച തുടർ നടപടികളുടെ വിവരം അറിയിക്കേണ്ടതാണ്.
ഹാർബർ എഞ്ചിനീയറിംഗ് ബിൽഡിങ്ങ്, പോലീസ് സ്റ്റേഷൻ ബിൽഡിങ്ങ് എന്നിവയുടെ വസ്തു നികുതി ഫണ്ട് ലഭ്യമാകാത്തതിനാലാണ് അടവാക്കാൻ കാലതാമസം നേരിടുന്നതെന്ന് അറിയിച്ചിട്ടുണ്ട്. വസ്തു നികുതി ഈടാക്കി അറിയിക്കേണ്ടതാണ്.

## 1-16 ഐ.കെ.എം ന് ഗ്രാമ പഞ്ചായത്ത് വിഹിതം നൽകൽ- വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല ₹109453യുടെ ചെലവ് തടസ്സപ്പെടുത്തുന്നു

ഐ.കെ.എം വികസിപ്പിച്ച സോഫ്റ്റ്‌വെയർ സംവിധാനങ്ങളുടെ ഫലപ്രദമായ വിന്യാസത്തിനും മെയിന്റനൻസിനുമായി സർക്കാർ അനുവദിച്ച വികസനഫണ്ടിന്റെ 0.25% പ്രതിവർഷം ഐ കെ എം ന് അടച്ച് നൽകേണ്ടതുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ ഐ.കെ.എം എക്സിക്യൂട്ടീവ് ഡയറക്ടറുടെ അക്കൗണ്ടിലേക്ക് താഴെപറയും പ്രകാരം തുക ക്രെഡിറ്റ് ചെയ്തിട്ടുണ്ട്.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| പ്രോജക്ട് നമ്പർ, പേര് | 36/24, ഐ.കെ.എം ന് ഗ്രാമ പഞ്ചായത്ത് വിഹിതം നൽകൽ |
| അടങ്കൽ | ₹109453 – വികസന ഫണ്ട് ജനറൽ |
| ചെലവ് തുക, ബിൽ നമ്പർ, തീയതി | ₹ 109453, 140/20.10.2023 |

പ്രസ്തുത തുകയുടെ വിനിയോഗ സാക്ഷ്യപത്രം പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 28/30.08.2024) ലഭ്യമാക്കിയ മറുപടിയിൽ ധനവിനിയോഗ സാക്ഷ്യപത്രത്തിന് കത്ത് നൽകിയിട്ടുണ്ട് എന്നും ആയത് ലഭ്യമാകുന്ന മുറയ്ക്ക് സമർപ്പിക്കുന്നതാണ് എന്നും അറിയിച്ചിട്ടുണ്ട്. വിനിയോഗ സാക്ഷ്യപത്രത്തിന്റെ അഭാവത്തിൽ ₹109453 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-17 ഗ്രാമ പഞ്ചായത്ത് ഓഫീസിൽ ജനറേറ്റർ സ്ഥാപിക്കൽ -വിനിയോഗ സാക്ഷ്യപത്രം ലഭ്യമല്ല ₹600000 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| പ്രോജക്ട് നമ്പർ, പേര് | 40/24, ഗ്രാമപഞ്ചായത്ത് ഓഫീസിൽ ജനറേറ്റർ സ്ഥാപിക്കൽ |
| അടങ്കൽ | ₹6,00,000 – തനത് ഫണ്ട് |
| ചെലവ്, ബിൽ നമ്പർ, തീയതി | ₹600000, 60/27.07.2023 |

ഗ്രാമപഞ്ചായത്ത് ഓഫീസിൽ ജനറേറ്റർ സ്ഥാപിക്കൽ എന്ന പ്രോജക്ടിന്റെ നിർവ്വഹണത്തിനായി അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, പി.ഡബ്ല്യു.ഡി, തലശ്ശേരി ലഭ്യമാക്കിയ എസ്റ്റിമേറ്റ് പ്രകാരം ₹6,00,000 ഡെപ്പോസിറ്റ് വർക്കിനായി പി.ഡബ്ല്യു.ഡി ഇലക്ട്രിക്കൽ ഡിവിഷൻ, കണ്ണൂർ എന്നവരുടെ ട്രഷറി അക്കൗണ്ടിലേക്ക് മേൽ ബിൽ പ്രകാരം ട്രാൻസ്ഫർ ചെയ്തിട്ടുണ്ട്. പ്രോജക്ട് ഫയൽ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകങ്ങൾ താഴെ കോടുക്കുന്നു.

1) ഡെപ്പോസിറ്റ് വർക്കിന് പി.ഡബ്ല്യു.ഡി. യുമായി കരാർ വെച്ചതിന്റെ രേഖകൾ ഫയലിൽ സൂക്ഷിച്ചിട്ടില്ല.

2) 03.05.2024 ന് പദ്ധതി പൂർത്തീകരിച്ചതായുള്ള സർട്ടിഫിക്കറ്റ് ഓഫ് കംപ്ലീഷൻ ഫയലിൽ സൂക്ഷിച്ചിട്ടുണ്ടെങ്കിലും വിനിയോഗ സാക്ഷ്യപത്രം നാളിതുവരെയായി ലഭ്യമായിട്ടില്ല.

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 29/30.08.2024) മറുപടി ലഭ്യമാക്കിയിട്ടില്ല. മറുപടിയുടെയും രേഖകളുടെയും അഭാവത്തിൽ ₹6,00,000 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-18 കണ്ണൂർ വിവര സഞ്ചയിക - പദ്ധതി നടത്തിപ്പിലെ അപാകങ്ങൾ ₹194700യുടെ ചെലവ് തടസ്സപ്പെടുത്തുന്നു

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| പ്രോജക്ട് നമ്പർ, പേര് | 187/24, കണ്ണൂർ വിവര സഞ്ചയിക |
| അടങ്കൽ | ₹7,29,741 – വികസന ഫണ്ട്<br>₹1,00,000 – തനത് ഫണ്ട്<br>ആകെ: ₹8,29,741 |
| ചെലവ്, ബിൽ നമ്പർ, തീയതി | ₹194700, 75/04.08.2023 – വികസന ഫണ്ട് |

പ്രാദേശികാസൂത്രണം കാര്യക്ഷമമാക്കുന്നതിന് പഞ്ചായത്തിലെ സ്ഥിതി വിവര കണക്കുകൾ സമാഹരിച്ച് ഡാറ്റാബേസ് സമാഹരിക്കുകയും ഓൺലൈൻ സംവിധാനത്തിലൂടെ ഏത് സമയത്തും ലഭ്യമാകുന്ന രീതിയിൽ വെബ് അധിഷ്ഠിതമായി ക്രമീകരിക്കുകയും കാലോചിതമായി പരിഷ്ക്കരിക്കുകയും ചെയ്യുന്നതിനുള്ള ക്രമീകരണങ്ങൾ ഉൾപ്പെടുത്തി നടപ്പിലാക്കുകയും ചെയ്യുന്നതിനാണ് മേൽ പ്രോജക്ട് ലക്ഷ്യമിട്ടത്. ഊരാളുങ്കൽ ലേബർ കോഓപ്പറേറ്റീവ് സൊസൈറ്റി വഴിയാണ് പ്രോജക്ട് നടപ്പിലാക്കുന്നത്. 22 ലക്ഷം രൂപ അടങ്കലിൽ ബഹുവർഷ പദ്ധതിയായി നടപ്പാക്കിയ മേൽ പദ്ധതിയിൽ 2022-23 വർഷം ഊരാളുങ്കൽ ലേബർ കോഓപ്പറേറ്റീവ് സൊസൈറ്റിക്ക് മൊബിലൈസേഷൻ അഡ്വാൻസായി ₹439994 യും, 9983 കെട്ടിടങ്ങളുടെ ബേസ് മാപ്പ്,

ഡ്രോൺസർവ്വേ, ഡാറ്റാ അനലിസിസ് എന്നിവ പൂർത്തിയാക്കി എന്നറിയിച്ചതിന്റെ അടിസ്ഥാനത്തിൽ ₹930265യും നൽകിയിട്ടുണ്ട്. എന്നാൽ മേൽബില്ലുകൾ പ്രകാരം മേൽ ഇൻവോയ്സിനെ ആധാരമാക്കി ₹729741 ഊരാളുങ്കൽ ലേബർ കോ-ഓപ്പറേറ്റീവ് സൊസൈറ്റിക്ക് നൽകിയിട്ടുണ്ട്. ഇൻവോയ്സിൽ കാണിച്ച തുകയേക്കാൾ അധികമായി തുക നൽകിയതിന്റെ കാരണം വ്യക്തമല്ല.

1) 2023-24 വർഷം മേൽ ബിൽ പ്രകാരം ഊരാളുങ്കൽ കോ-ഓപ്പറേറ്റീവ് സൊസൈറ്റിക്ക് ₹194700 നൽകിയിട്ടുണ്ട്. ആയതിനാധാരമാക്കിയ ഇൻവോയ്സ് ഫയലിൽ സൂക്ഷിച്ചിട്ടില്ല.

2) പദ്ധതി പൂർത്തീകരിച്ചതിന്റെ വിവരവും, പദ്ധതി മോണിറ്ററിങ്ങ് റിപ്പോർട്ടും പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.32/30.08.2024) ലഭ്യമാക്കിയ മറുപടിയിൽ 3000 കെട്ടിടങ്ങളുടെ വിവര ശേഖരണത്തിനായി 30-3-2023ന് ഊരാളുങ്കൽ ലേബർ കോഓപ്പറേറ്റീവ് സൊസൈറ്റി നൽകിയ ₹389400 യുടെ ഇൻവോയ്സ് ലഭ്യമാക്കിയിട്ടുണ്ട്. ഇതിനെ ആധാരമാക്കിയാണ് ₹194700 നൽകിയത് എന്നും ₹389400 യുടെ ഇൻവോയ്സാണ് നൽകിയിരുന്നെതെങ്കിലും നിർവ്വഹണ പുരോഗതിയുടെ അടിസ്ഥാനത്തിൽ ₹194700 മാത്രമേ നൽകിയുള്ളൂ എന്ന് മറുപടി നൽകിയിട്ടുണ്ട്. മേൽ ഇൻവോയ്സ് പ്രകാരം ആകെ 3000 കെട്ടിടങ്ങളുടെ വിവര ശേഖരണം മാത്രമേ പൂർത്തിയായിട്ടുള്ളൂ. ഊരാളുങ്കൽ ലേബർ കോ-ഓപ്പറേറ്റീവ് സൊസൈറ്റിയുമായി വെച്ച കരാർ പ്രകാരം മൊബിലൈസേഷൻ അഡ്വാൻസായി ₹439994യും, ബേസ് മാപ്പ് തയ്യാറാക്കുന്നതിന് ₹340265യും, കെട്ടിടങ്ങളുടെ സർവ്വേക്ക് ₹1269704യും വെബ്പോർട്ടൽ ഡെലിവറിക്കായി ₹472000യും ഡാറ്റാ ഇന്റഗ്രേഷൻ & പ്രൊജക്ട് ഹാന്റിംഗ് ഓവർ ന് ₹118000യും ഉൾപ്പെടെ ആകെ ₹2199968 നൽകാനാണ് ഊരാളുങ്കൽ കോ-ഓപ്പറേറ്റീവ് സൊസൈറ്റി നൽകിയ പേയ്മെന്റ് ഷെഡ്യൂളിൽ വ്യവസ്ഥ ചെയ്തത്. എന്നാൽ നിലവിൽ 3000 കെട്ടിടങ്ങളുടെ സർവ്വേ മാത്രമേ പൂർത്തിയായിട്ടുള്ളൂ. ആകെ ₹1564959 നൽകിയിട്ടുണ്ട്. ബാക്കി കെട്ടിടങ്ങളുടെ സർവ്വേ മുഴുവനായും പൂർത്തീകരിച്ചതിന്റെ വിവരവും പദ്ധതി മോണിറ്ററിംഗ് റിപ്പോർട്ടും പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. പൂർത്തീകരണ റിപ്പോർട്ടിന്റെ അഭാവത്തിൽ ₹194700യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-19 ഭൂജല സർവ്വേ -രേഖകൾ ലഭ്യമല്ല ₹29025യുടെ ചെലവ് തടസ്സപ്പെടുത്തുന്നു

വൗച്ചർ നമ്പർ: 22300951 Dt. 24.01.2024, ₹29025

ഗ്രാമപഞ്ചായത്തിലെ പതിനഞ്ച് അങ്കണവാടികളിൽ ഭൂജല സർവ്വേ നടത്തുന്നതിന് ജില്ലാ ഓഫീസർ, ഭൂജല വകുപ്പിന്റെ 08.01.2024 ലെ GW/KNR/26/2024 നമ്പർ കത്തിന്റെ അടിസ്ഥാനത്തിൽ സർവ്വേ ഫീസായി ഒരു അങ്കണവാടിക്ക് ₹1935 പ്രകാരം ആകെ ₹29025 ജില്ലാ ഓഫീസർ, ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റിന്റെ അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്തിട്ടുണ്ട്. എന്നാൽ ഭൂജല സർവ്വേ നടത്തിയതിന്റെ റിപ്പോർട്ട് പരിശോധനയ്ക്കായി ലഭ്യമാക്കിയിട്ടില്ല. ഇത് സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 34/30.08.2024) ലഭ്യമാക്കിയ മറുപടിയിൽ 23.03.2024ന് സർവ്വേ പൂർത്തിയാക്കിയിട്ടുണ്ടെന്നും സർവ്വേ റിപ്പോർട്ടും ഫീസിബിലിറ്റി റിപ്പോർട്ടും ലഭ്യമാകുന്ന മുറയ്ക്ക് സമർപ്പിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. മേൽ രേഖകളുടെ അഭാവത്തിൽ ₹29025 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-20 എ ബി സി പദ്ധതിക്ക് വിഹിതം നൽകൽ -വിനിയോഗ സാക്ഷ്യപത്രം ലഭ്യമല്ല. ₹100000യുടെ ചെലവ് തടസ്സപ്പെടുത്തുന്നു

കണ്ണൂർ ജില്ലാ പഞ്ചായത്ത് നടപ്പിലാക്കുന്ന തെരുവ് നായ്ക്കളുടെ പ്രജനന നിയന്ത്രണ പരിപാടിക്ക് ഗ്രാമ പഞ്ചായത്ത് വിഹിതം നൽകുന്നതിനായി തയ്യാറാക്കിയ പദ്ധതിയിൽ ₹100000 ജില്ലാ പഞ്ചായത്തിന്റെ ട്രഷറി അക്കൗണ്ടിലേക്ക് ക്രെഡിറ്റ് ചെയ്ത് നൽകിയിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| പ്രോജക്ട് നമ്പർ/പേര് | 220/24, എ ബി സി പദ്ധതിക്ക് വിഹിതം നൽകൽ |
| അടങ്കൽ | ₹1,00,000 വികസന ഫണ്ട് |
| ചെലവ്, ബിൽ നമ്പർ, തീയതി | ₹1,00,000, 141/20.10.2023 |

തദ്ദേശ സ്വയംഭരണ (ആർ.സി) വകുപ്പിന്റെ 23.08.2022 തീയതിയിലെ സ.ഉ.(സാധാ)നം.2065/2022/തസ്വഭവ നമ്പർ ഉത്തരവ് പ്രകാരം ഗ്രാമ, ബ്ലോക്ക്, ജില്ല പഞ്ചായത്തുകളുടെയും നഗരഭരണ സ്ഥാപനങ്ങളുടെയും സംയുക്ത പ്രൊജക്ടായാണ് എ.ബി.സി നടപ്പിലാക്കേണ്ടതെന്നും മുഖ്യനിർവ്വഹണ സ്ഥാപനം ജില്ലാപഞ്ചായത്തായിരിക്കുമെന്നും ഇതിനുള്ള വിഹിതം ജില്ലാപഞ്ചായത്തിന് മറ്റ് തദ്ദേശഭരണ സ്ഥാപനങ്ങൾ കൈമാറണമെന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്. ആയത് പ്രകാരം ₹100000 കണ്ണൂർ ജില്ല പഞ്ചായത്തിന് കൈമാറിയിട്ടുണ്ട്. തുക ചെലവഴിച്ചതുമായി ബന്ധപ്പെട്ട വിനിയോഗ സാക്ഷ്യപത്രവും ഗ്രാമപഞ്ചായത്തിൽ ഈ പദ്ധതി പ്രകാരം നടപ്പാക്കിയ പരിപാടികൾ സബന്ധിച്ച മോണിറ്ററിംഗ് റിപ്പോർട്ടും പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (26/30.08.2024) ലഭ്യമാക്കിയ മറുപടിയിൽ വിനിയോഗസാക്ഷ്യപത്രത്തിന് കത്ത് നൽകിയിട്ടുണ്ടെന്നും ആയത് ലഭ്യമാകുന്ന മുറയ്ക്ക് ലഭ്യമാക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. മോണിറ്ററിങ്ങ് റിപ്പോർട്ട് ലഭ്യമാക്കിയിട്ടുണ്ടെങ്കിലും ആയതിൽ ഗ്രാമപഞ്ചായത്തിൽ ഈ പദ്ധതി പ്രകാരം നടപ്പാക്കിയ പരിപാടികൾ സബന്ധിച്ച വിവരം രേഖപ്പെടുത്തിയിട്ടില്ല. രേഖകളുടെ അഭാവത്തിൽ ₹100000 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-21 ഹോമിയോ ഡിസ്പെൻസറിക്ക് മരുന്ന് വാങ്ങൽ – മരുന്നുകൾ ലഭ്യമായിട്ടില്ല - ₹50,000 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ, ഹോമിയോ |
| പ്രോജക്ടിന്റെ നമ്പർ/പേര് | 2/24, ഹോമിയോ ഡിസ്പെൻസറിക്ക് മരുന്ന് വാങ്ങൽ |
| അടങ്കൽ | ₹2,00,000 (മെയിന്റനൻസ് ഫണ്ട് നോൺ റോഡ്) |
| ചെലവ് | ₹2,00,000 |
| ബിൽ നം./തീയതി, തുക | 187/30.11.2023, ₹1,50,000<br>221/22.12.2023, ₹50,000<br>ആകെഃ ₹2,00,000 |

മേൽ പദ്ധതി പ്രകാരം ഹോമിയോ ഡിസ്പെൻസറിയിലേക്ക് മരുന്നു വാങ്ങുന്നതിനായി ആകെ₹2,00,000 കേരള സ്റ്റേറ്റ് ഹോമിയോപ്പതിക് കോ-ഓപ്പറേറ്റീവ് ഫാർമസി ലിമിറ്റഡ് (HOMCO) മാനേജിങ് ഡയറക്ടറുടെ അക്കൗണ്ടിലേക്ക് (അക്കൗണ്ട് നം-34306403911) മുൻകൂറായി നൽകിയിട്ടുണ്ട്. എന്നാൽ താഴെ പറയും പ്രകാരം ₹1,50,000യുടെ മരുന്നുകൾ ലഭിച്ചതിന്റെ രേഖകൾ മാത്രമേ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടുള്ളു.

| ക്രമ നമ്പർ | ടാക്സ് ഇൻവോയിസ് നമ്പർ/തീയതി | തുക (₹) |
|---|---|---|
| 1 | LF-534/03.07.2024 | 60,116 |

| | | |
|---|---|---|
| 2 | LF-124/11.05.2024 | 89,884 |
| | | 1,50,000 |

ബാക്കി ₹50,000 യുടെ മരുന്നുകൾ ലഭ്യമായിട്ടുണ്ടെങ്കിൽ ആയത് സ്റ്റോക്കിലെടുത്തതിന്റെ രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കണമെന്നും മരുന്നുകൾ ലഭിക്കാത്ത പക്ഷം ആയത് ലഭിക്കുന്നതിന് സ്വീകരിച്ച തുടർനടപടികളുടെ വിശദാംശം അറിയിക്കണമെന്നും ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (നം.7/23.08.2024) മറുപടി നല്കിയിട്ടില്ല. ₹50,000 യുടെ മരുന്നുകൾ ലഭ്യമായതിന്റെ രേഖകൾ ലഭ്യമാക്കാത്തതിനാൽ ഈ ഇനത്തിലെ ₹50,000 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-22 ലൈഫ് പദ്ധതി - ഭവന നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല

2023-24 വർഷത്തിൽ ലൈഫ് ഭവന പദ്ധതിയുടെ ഭാഗമായി 3 പ്രോജക്ടുകൾ ആവിഷ്ക്കരിച്ച് നടപ്പാക്കിയിട്ടുണ്ട്. മേൽ പ്രോജക്ടുകൾ പ്രകാരം തുക കൈപ്പറ്റിയവരിൽ 2022-23 സാമ്പത്തിക വർഷം ആദ്യ ഗഡു കൈപ്പറ്റിയ വിവിധ ഗുണഭോക്താക്കൾ നാളിതുവരെയും ഭവന നിർമ്മാണം പൂർത്തിയായിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | ഗുണഭോക്താവിന്റെ പേര് | അനുവദിച്ച തുക (₹) |
|---|---|---|
| 1 | രഹ്ന | 40000 |
| 2 | ഷംസുദ്ദീൻ | 40000 |
| 3 | നളിനി. യു | 40000 |
| 4 | സജ്ഞ. വി | 40000 |

മേൽ പട്ടികയിലെ ഗുണഭോക്താക്കളുടെ വീട് നിർമ്മാണം പൂർത്തീകരിച്ചത് സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കുന്നതിന് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (നം.19/27.08.2024) മറുപടിയായി മേല്പറഞ്ഞ ഗുണഭോക്താക്കൾ സാമ്പത്തികമായി വളരെയധികം പിന്നാക്കം നില്ക്കുന്നവരാണെന്നും ഭവനനിർമ്മാണം പുനരാരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. പുരോഗതി വിവരം അറിയിക്കേണ്ടതാണ്.

## 1-23 ലൈഫ് മിഷൻ ഭവന പദ്ധതി-ഭൂരഹിത ഭവന രഹിതർക്ക് സ്ഥലം വാങ്ങി വീട് നിർമ്മിക്കൽ -ഭവന നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | വി.ഇ.ഒ, ധർമ്മടം സർക്കിൾ |
| പ്രൊജക്ട് നമ്പർ/ പേര് | 143/24, ലൈഫ് ഭവന പദ്ധതി-ഭൂരഹിത ഭവനരഹിതർക്ക് സ്ഥലം വാങ്ങി വീട് നിർമ്മിക്കൽ (സ്പിൽ ഓവർ) |

| | |
|---|---|
| അടങ്കൽ | ₹1973600 (ബ്ലോക്ക് പഞ്ചായത്ത് വിഹിതം) |
| ചെലവ് | ₹400000 |
| തുക, ബിൽ നമ്പർ, തീയതി | ₹100000, 10/11.07.2023<br>₹100000, 25/12.10.2023<br>₹160000, 52/24.03.2024<br>₹40000, 41/07.02.2024<br>ആകെഃ ₹400000 |

2022-23 വർഷം ലൈഫ് മിഷൻ ഭവന പദ്ധതി-ഭൂരഹിത ഭവനരഹിതർക്ക് സ്ഥലം വാങ്ങൽ പ്രോജക്ട് പ്രകാരം ഏഴ് ഗുണഭോക്താക്കൾക്ക് വാർഡ് മെമ്പറുടെയും മോണിറ്ററിംഗ് കമ്മിറ്റിയുടെയും ശിപാർശയുടെ അടിസ്ഥാനത്തിൽ ലൈഫ് ഭവന പദ്ധതിക്ക് അനുയോജ്യമായ സ്ഥലം വാങ്ങിയിട്ടുണ്ട്. ടി ഗുണഭോക്താക്കൾ ഭവന നിർമ്മാണം നടത്തിയതിന്റെ വിവരം ലഭ്യമാക്കേണ്ടതാണ് എന്നാവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (നം.18/27.08.2024) താഴെ പറയും പ്രകാരം മറുപടി നല്കിയിട്ടുണ്ട്.
2022-23 വർഷം ലൈഫ് മിഷൻ ഭവന പദ്ധതി – ഭൂരഹിത ഭവനരഹിതർക്ക് സ്ഥലം വാങ്ങി നല്കിയ മൂന്ന് ഗുണഭോക്താക്കൾക്ക് മേൽ പ്രോജക്ടിലുൾപ്പെടുത്തി ഭവന നിർമ്മാണത്തിനായി തുക നൽകിയിട്ടുണ്ട്. ആയതിൽ രണ്ട് ഗുണഭോക്താക്കൾ ഭവന നിർമ്മാണം പൂർത്തിയാക്കിയിട്ടുണ്ട്. എന്നാൽ സാജിത എന്നവർ നാളിതുവരെ ഭവന നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല. വിശദ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | ഗുണഭോക്താവിന്റെ പേര് | വാർഡ് നമ്പർ | ചെലവഴിച്ച തുക (₹) |
|---|---|---|---|
| 1 | സാജിത | 15 | 2,00,000 |

സാജിതയുടെ ഭവനനിർമ്മാണം പുരോഗതിയിലാണെന്ന് അറിയിച്ചിട്ടുണ്ട്. 2024-25 വർഷത്തിൽ തന്നെ ഭവന നിർമ്മാണം പൂർത്തീകരിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്.
2022-23 വർഷം ലൈഫ് മിഷൻ ഭവന പദ്ധതി-ഭൂരഹിത ഭവനരഹിതർക്ക് സ്ഥലം വാങ്ങൽ പ്രോജക്ട് പ്രകാരം ഭൂമി വാങ്ങിയ ബാക്കി വരുന്ന നാല് പേരിൽ രണ്ട് പേർ എരഞ്ഞോളി ഗ്രാമ പഞ്ചായത്തിൽ ഭവന നിർമ്മാണം പൂർത്തീകരിച്ചതായി അറിയിച്ചിട്ടുണ്ട്. രണ്ട് പേർ പിണറായി ഗ്രാമപഞ്ചായത്തിൽ നിന്നും ധനസഹായം കൈപ്പറ്റി ഒരാൾ ഭവന നിർമ്മാണം പൂർത്തീകരിക്കുകയും മറ്റേയാളുടെ ഭവന നിർമ്മാണം പുരോഗതിയിലാണെന്നും അറിയിച്ചിട്ടുണ്ട്. ഭവന നിർമ്മാണം പൂർത്തീകരിച്ച് വിവരം അറിയിക്കേണ്ടതാണ്.

## 1-24 റിംഗ് കമ്പോസ്റ്റ് സ്ഥാപിക്കൽ- ഗുണഭോക്തൃ വിഹിതം സ്ഥാപനത്തിന് കൈമാറിയില്ല

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | വി.ഇ.ഒ, പാലയാട് സർക്കിൾ |
| പ്രൊജക്ട് നമ്പർ/പേര് | 68/24, റിംഗ് കമ്പോസ്റ്റ് സ്ഥാപിക്കൽ |
| അടങ്കൽ | ₹2361906 (ധനകാര്യ കമ്മീഷൻ അവാർഡ്)<br>₹ 75384 (തനത് ഫണ്ട്)<br>₹270810 (മറ്റുള്ളവ)<br>ആകെഃ ₹2708100 |
| ചെലവ് | ₹ 2072599 (ധനകാര്യ കമ്മീഷൻ അവാർഡ്) |

| | |
|---|---|
| തുക, ബിൽ നമ്പർ, തീയതി | ₹1805400, 298/19.02.2024<br>₹267199, 422/26.03.2024<br>ആകെഃ ₹2072599 |

ഗ്രാമപഞ്ചായത്തിൽ സ്ഥിര താമസമുള്ള 1148 കുടുംബങ്ങൾക്ക് റിംഗ് കമ്പോസ്റ്റ് സ്ഥാപിച്ച് നൽകുന്നതിനാണ് ഈ പ്രോജക്ട്. ഒരു യൂണിറ്റിന് ₹2006 വില നല്കി റെയ്ഡ്കോയിൽ നിന്നാണ് റിംഗ് കമ്പോസ്റ്റ് വാങ്ങിയിരിക്കുന്നത്. റെയ്ഡ്കോയ്ക്ക് ₹2072599 നൽകിയിട്ടുണ്ട്. മേൽ പ്രോജക്ട് പ്രകാരം ഗുണഭോക്തൃ വിഹിതമായി പിരിച്ചെടുത്ത ₹230288.80 സ്ഥാപനത്തിന് കൈമാറിയിട്ടുണ്ടോ എന്ന് അറിയിക്കേണ്ടതും ഉണ്ടെങ്കിൽ രേഖകൾ പരിശോധനയ്ക്കായി ലഭ്യമാക്കേണ്ടതുമാണ് എന്നാവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (22/29.08.2024) ലഭിച്ച മറുപടിയിൽ ഗുണഭോക്തൃ വിഹിതം കൈമാറുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. തുക കൈമാറി സ്ഥാപനം നല്കുന്ന അസ്സൽ ബിൽ പരിശോധനയ്ക്കായി ലഭ്യമാക്കേണ്ടതാണ്.

## 1-25 കൃഷി ഓഫീസർ നിർവ്വഹണം നടത്തിയ പ്രൊജക്ടുകൾ - രേഖകൾ സൂക്ഷിക്കുന്നതിലെ അപാകങ്ങൾ

കൃഷി ഓഫീസർ നിർവ്വഹണം നടത്തിയ താഴെ പറയുന്ന പ്രൊജക്ടുകളുടെ ഫയൽ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നമ്പർ | പ്രോജക്ട് നമ്പർ, പേര് | അടങ്കൽ (₹) | ചെലവ് (₹) | തുക, ബിൽ നമ്പർ, തീയതി | അപാകങ്ങൾ |
|---|---|---|---|---|---|
| 1 | 11/24, നെൽകൃഷി വികസനം | ₹1,77,500 വികസന ഫണ്ട്, പൊതു വിഭാഗം | ₹1,43,900 | ₹50,400, ബിൽനം.272/31.01.2024<br>₹93,500 ബിൽനം.282/07.02.2024 | 2023-24 വർഷത്തെ നെൽകൃഷി ഉല്പാദനം സംബന്ധിച്ച റിപ്പോർട്ട് ലഭ്യമാക്കിയില്ല. |
| 2 | 78/24, വാഴ കൃഷി | ₹2,00,000 വികസന ഫണ്ട് | ₹2,00,000 | ₹2,00,000, ബിൽനം.195/11.12.2023 | മുണ്ടേരി അഗ്രോ സർവീസ് സെന്ററിൽ നിന്ന് 10,000 എണ്ണം നേന്ത്രവാഴത്തൈകൾ ₹20 നിരക്കിൽ വാങ്ങി 18 വാർഡു കളിലെ വാർഡ് മെമ്പർമാർക്ക് കൈമാറിയതിന്റെ രേഖകളുണ്ടെങ്കിലും യഥാർത്ഥ ഗുണ ഭോക്താക്കളായ കർഷകർക്ക് വിതരണം ചെയ്ത തിന്റെ രേഖകൾ ലഭ്യമാക്കിയില്ല. |
| 3 | 75/24, പച്ചക്കറി തൈ വിതരണം | ₹2,65,800 വികസന ഫണ്ട്, പൊതു വിഭാഗം | ₹2,65,800 | ₹2,65,800, 219/21.12.2023 | മുണ്ടേരി അഗ്രോ സർവീസ് സെന്ററിൽ നിന്ന് 88,600 എണ്ണം പച്ചക്കറി തൈകൾ വാങ്ങി 18 വാർഡു കളിലെ |

| | | | | | |
|---|---|---|---|---|---|
| | | | | | വാർഡ് മെമ്പർമാർക്ക് കൈമാറിയതിന്റെ രേഖകളുണ്ടെങ്കിലും യഥാർത്ഥ ഗുണ ഭോക്താക്കളായ കർഷകർക്ക് വിത രണം ചെയ്തതിന്റെ രേഖകൾ ലഭ്യമാക്കി യില്ല. |

മേൽ അപാകങ്ങൾ ചൂണ്ടിക്കാട്ടി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 24 തീയതി 30.08.2024) പച്ചക്കറി വിത്തുകളും വാഴക്കന്നുകളും അർഹതയുള്ള ഗുണഭോക്താക്കൾക്കാണ് നൽകിയത് എന്നും അത് കൃത്യമായി നട്ടു എന്ന കൃഷി ഓഫീസർ, കൃഷി അസിസ്റ്റന്റ് എന്നിവർ ഫീൽഡ് പരിശോധന നടത്തി ഉറപ്പ് വരുത്തിയിട്ടുണ്ട് എന്ന് മറുപടി നൽകിയിട്ടുണ്ടെങ്കിലും ബന്ധപ്പെട്ട രേഖകളൊന്നും പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. ഭാവിയിൽ ഇത്തരം അപാകങ്ങൾ ആവർത്തിക്കപ്പെടാതിരിക്കേണ്ടതാണ്.

## 1-26 മൃഗാശുപത്രിക്ക് മരുന്ന് വാങ്ങൽ - പദ്ധതി നടത്തിപ്പിലെ അപാകങ്ങൾ

മൃഗാശുപത്രിക്ക് മരുന്ന് വാങ്ങൽ എന്ന പ്രോജക്ട് നിർവഹണത്തിന്റെ ഭാഗമായി ₹190407 യുടെ മരുന്നുകൾ ചിറക്കര പബ്ലിക് സോഷ്യൽ വെൽഫെയർ കോപ്പറേറ്റീവ് സൊസൈറ്റിയുടെ നീതി മെഡിക്കൽ സ്റ്റോറിൽ നിന്ന് വാങ്ങിയിട്ടുണ്ട്. വിശദവിവരം ചുവടെ കൊടുക്കുന്നു.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | വെറ്റിനറി സർജ്ജൻ |
| പ്രൊജക്റ്റ് നമ്പർ/പേര് | 3/24, മൃഗാശുപത്രിക്ക് മരുന്ന് വാങ്ങൽ |
| അടങ്കൽ | ₹2,00,000, മെയിന്റനൻസ് ഫണ്ട് (റോഡിതരം) |
| ചെലവ് തുക, ബിൽ നമ്പർ/തീയതി | ₹190407, ബിൽ നം. 250 തീയതി 12.01.2024 |

വെറ്റിനറി ആശുപത്രിയിലേക്ക് ആവശ്യമായ മരുന്നുകളും അനുബന്ധ സാമഗ്രികളും വകുപ്പിൽ നിന്ന് ലഭ്യമാകാത്ത സാഹചര്യത്തിൽ നോൺ അവൈലബിലിറ്റി സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് നീതി/ മാവേലി/സപ്ലൈക്കോ മെഡിക്കൽ സ്റ്റോറിൽ നിന്ന് വാങ്ങാവുന്നതാണ്. പാലയാട് വെറ്റിനറി ഡിസ്പെൻസറി നീതി മെഡിക്കൽ ചിറക്കര കോ-ഓപ്പറേറ്റീവ് സൊസൈറ്റിയിൽ നിന്നാണ് മരുന്നുകൾ വാങ്ങിയിട്ടുള്ളത്. പർച്ചേസ് ചെയ്ത മരുന്നുകളിൽ കാലാവധി കഴിഞ്ഞവ സ്റ്റോക്കിൽ അവശേഷിക്കുന്നുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | മരുന്ന് | എണ്ണം | കാലാവധി അവസാനിച്ച മാസം | സ്റ്റോക്ക് രജിസ്റ്റർ പേജ് നം. |
|---|---|---|---|---|
| 1 | Bolus Ivermectin 80 Mg | 18 | 06/2024 | 26 |

മേൽ അപാകം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണകുറിപ്പിന് (23/29.08.2024) Bolus Ivermectin 80 Mg എന്ന മരുന്ന് പശുക്കളുടെ ചികിത്സക്കായി ഉപയോഗിക്കുന്ന Endecto-Parasiticide എന്ന വിഭാഗത്തിൽ പെടുന്ന തീവ്രതയുള്ള മരുന്നാണെന്നും ആറ് മാസത്തിൽ താഴെ പ്രായമുള്ള കുട്ടികളിലും ഗർഭിണികളിലും ചികിത്സയ്ക്കായി ഉപയോഗിക്കാൻ സാധിക്കാത്തതിനാലാണ് ഉടനെ ഉപയോഗിച്ച് തീരാതിരുന്നത് എന്നും കാലവധി കഴിഞ്ഞതും Short Expiry ആയ മരുന്നുകൾ മാറ്റി പുതിയവ നൽകുന്നതിന് ബന്ധപ്പെട്ട സ്ഥാപനത്തിന് നിർദ്ദേശം നൽകിയിട്ടുണ്ട് എന്നുമാണ് മറുപടി ലഭിച്ചിരിക്കുന്നത്. മരുന്ന് ലഭ്യമാകുന്ന മുറയ്ക്ക് സ്റ്റോക്ക് അപ്ഡേറ്റ് ചെയ്ത് മൃഗാശുപത്രി വഴി ചികിത്സക്കായി ഉപയോഗിക്കേണ്ടതും വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

## 1-27 അസ്സറ്റ് മാനേജ്മെന്റ് & മോണിറ്ററിംഗ് കമ്മിറ്റി രൂപീകരിച്ചിട്ടില്ല

തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 20.01.2017 ലെ ജി.ഒ(ആർ.ടി) 166/2017 പ്രകാരം അംഗീകരിച്ച അസറ്റ് മാനേജ്മെന്റ് മാന്വലിലെ ഖണ്ഡിക 2-2 ൽ നിർദ്ദേശിച്ച പ്രകാരം ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ് ചെയർമാനായും സെക്രട്ടറി കൺവീനറായും വൈസ് പ്രസിഡന്റ്, സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർ പേഴ്സൺമാർ, എൽ.എസ്.ജി.ഡി. എൻജിനീയർ, അക്കൗണ്ടന്റ് തുടങ്ങിയവർ ഉൾപ്പെട്ടതുമായ ഒരു അസ്സറ്റ് മാനേജ്മെന്റ് & മോണിറ്ററിംഗ് കമ്മിറ്റി രൂപീകരിക്കേണ്ടതാണ് എന്ന് നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ ഗ്രാമപഞ്ചായത്തിൽ അസ്സറ്റ് മാനേജ്മെന്റ് & മോണിറ്ററിംഗ് കമ്മിറ്റി രൂപീകരിച്ചിട്ടില്ല. ഇത് സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (നം.8/23.08.2024) അസ്സറ്റ് മാനേജ്മെന്റ് & മോണിറ്ററിംഗ് കമ്മിറ്റി രൂപീകരിക്കുന്നതാണെന്ന് മറുപടി നല്കിയിട്ടുണ്ട്. അസ്സറ്റ് മാനേജ്മെന്റ് & മോണിറ്ററിംഗ് കമ്മിറ്റി രൂപീകരിച്ച് വിവരം അറിയിക്കേണ്ടതാണ്.

## 1-28 കുടുംബാരോഗ്യ കേന്ദ്രങ്ങളിലെ ഡോക്ടറുടെയും പാരാമെഡിക്കൽ സ്റ്റാഫിന്റെയും ഓണറേറിയം-രേഖകൾ ലഭ്യമാക്കാത്തതും നിയമന വ്യവസ്ഥകളിലെ അവ്യക്തതയും. ₹991796 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ, പി.എച്ച്.സി |
| പ്രൊജക്ട് നമ്പർ / പേര് | 34/24, ഡോക്ടറുടെയും ഫാർമസിസ്റ്റിന്റെയും വേതനം |
| അടങ്കൽ | ₹1025000 - തനത് ഫണ്ട് |
| ചെലവ് | ₹85900 ബിൽ നമ്പർ : 7/04.05.2023<br>₹85900 ബിൽ നമ്പർ : 18/06.06.2023<br>₹85160 ബിൽ നമ്പർ : 44/01.07.2023<br>₹83845 ബിൽ നമ്പർ : 65/01.08.2023<br>₹85900 ബിൽ നമ്പർ : 101/02.09.2023<br>₹83776 ബിൽ നമ്പർ : 124/04.10.2023<br>₹85183 ബിൽ നമ്പർ : 157/02.11.2023<br>₹77948 ബിൽ നമ്പർ : 196/11.12.2023<br>₹79725 ബിൽ നമ്പർ : 229/03.01.2024<br>₹79009 ബിൽ നമ്പർ : 274/02.03.2024<br>₹79725 ബിൽ നമ്പർ : 320/02.03.2024<br>₹79725 ബിൽ നമ്പർ : 480/30.03.2023<br>ആകെ : ₹991796 |

മേൽ പ്രോജക്ട് പ്രകാരം ഒരു ഡോക്ടറെയും പാരാ മെഡിക്കൽ സ്റ്റാഫിനെയും നിയമിച്ചിട്ടുണ്ട്. താൽക്കാലികമായി നിയമിക്കപ്പെട്ട ഡോക്ടറുടെയും, പാരാമെഡിക്കൽ സ്റ്റാഫിന്റെയും വേതനം നൽകുന്നതിനായി മേൽ ബില്ലുകൾ പ്രകാരം ₹991796 ചെലവഴിച്ചിട്ടുണ്ട്. ഡോക്ടറുടെയും പാരാമെഡിക്കൽ സ്റ്റാഫിന്റെയും നിയമനവുമായി ബന്ധപ്പെട്ട നിയമന ഉത്തരവും വേതനം നിശ്ചയിച്ച രേഖകളും താൽക്കാലികമായുള്ള നിയമനം സംബന്ധിച്ചുള്ള ഫയലുകളും പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. ഇത് സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (നം.12/24.08.2024) നിർവ്വഹണ ഉദ്യോഗസ്ഥൻ ലഭ്യമാക്കിയ മറുപടിയോടൊപ്പം ജീവനക്കാരുടെ ഹാജർ സംബന്ധിച്ച രേഖകൾ ലഭ്യമാക്കിയിട്ടുണ്ട്. എന്നാൽ നിയമന ഉത്തരവ്, വേതനം നിശ്ചയിച്ചതുമായി ബന്ധപ്പെട്ട രേഖകൾ, കരാർ പത്രിക എന്നിവ ലഭ്യമാക്കിയിട്ടില്ല. നിയമനം കരാർ അടിസ്ഥാനത്തിലാണോ ദിവസവേതനാടിസ്ഥാനത്തിലാണോ എന്ന് വ്യക്തമല്ല. ടിയാനെ നിയമിച്ച തീയതിയിൽ നിശ്ചയിച്ച വേതനം സംബന്ധിച്ച ഭരണസമിതി തീരുമാനം പരിശോധനയ്ക്കായി ലഭ്യമാക്കിയിട്ടില്ല. ഡോക്ടർക്ക് മെയ്/2023 മുതൽ നവംബർ/2023 മാസം വരെ ₹63700 നിരക്കിലാണ് വേതനം നല്കിയിരിക്കുന്നത്. എന്നാൽ അഡ്ഹോക്ക് വ്യവസ്ഥയിൽ നിയമിച്ചതായി വ്യക്തമാക്കുന്ന രേഖകൾ ഫയലിൽ ലഭ്യമല്ല. ഡോക്ടറുടെയും പാരാ മെഡിക്കൽ സ്റ്റാഫിനെയും നിയമനം സംബന്ധിച്ച അവ്യക്തത നിലനില്ക്കുന്നതിനാലും വേതനം നിശ്ചയിച്ചു നല്കിയതിന്റെ അടിസ്ഥാനം വ്യക്തമല്ലാത്തതിനാലും ₹991796 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-29 ശുചിത്വവും സുസ്ഥിരതയും ഉറപ്പാക്കൽ-കേരളത്തിലെ മാലിന്യ സംസ്കരണം ഹരിതകർമ്മ സേനയിലൂടെ-അവലോകനം

1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം 166-ാം വകുപ്പിന് കീഴിലുള്ള മൂന്നാം പട്ടികയിൽ പ്രതിപാദിക്കുന്ന, ഗ്രാമപഞ്ചായത്തിന്റെ അനിവാര്യ ചുമതലകളിൽ ഉൾപ്പെട്ട വിഷയമാണ് മാലിന്യ സംസ്ക്കരണം. മുൻകാലങ്ങളിൽ നിരത്തുകൾ വൃത്തിയാക്കുന്നതിൽ മാത്രം ഒതുങ്ങി നിന്നിരുന്ന മാലിന്യ സംസ്ക്കരണ നടപടികൾ നിലവിൽ അവയുടെ ഉറവിടങ്ങളിലേക്ക് എത്തി ശാസ്ത്രീയമായി സംസ്ക്കരിച്ച് പരിസ്ഥിതിയ്ക്ക് അനുയോജ്യമായ രീതിയിൽ പരിപാലിക്കുന്ന നിലയിലേയ്ക്ക് എത്തിച്ചേർന്നിട്ടുണ്ട്. എന്റെ മാലിന്യം എന്റെ ഉത്തരവാദിത്തം എന്ന മുദ്രാവാക്യം ജനങ്ങളിൽ മാലിന്യ സംസ്ക്കരണത്തിന്റെ അനിവാര്യത ബോധ്യപ്പെടുത്തുന്നതിൽ ഏറെ സഹായകരമായിട്ടുണ്ട്.

ധർമ്മടം ഗ്രാമപഞ്ചായത്തിൽ 18 വാർഡുകളിലായി 7500 വീടുകളും 539 വ്യാപാര, വ്യവസായ കെട്ടിടങ്ങളും ഉണ്ട്. ഇതിൽ 6500 വീടുകളും 263 വ്യാപാര സ്ഥാപനങ്ങളും ആണ് യൂസർ ഫീ അടവാക്കി ഹരിതകർമ്മസേനയോട് സഹകരിക്കുന്നത്. 18 ഹരിത കർമ്മസേനാംഗങ്ങൾ ഉണ്ട്. ലഭ്യമാക്കിയ കണക്കുകൾ പ്രകാരം ഭൂരിഭാഗം വാസഗൃഹങ്ങളും വാണിജ്യ സ്ഥാപനങ്ങളും മാലിന്യ പരിപാലന പ്രക്രിയയുമായി സഹകരിക്കുന്നുണ്ട്.

നിലവിൽ ഗ്രാമപഞ്ചായത്തിലെ 2-ാം വാർഡിലാണ് എം.സി.എഫ് പ്രവർത്തിക്കുന്നത്. എം.സി.എഫ് ൽ കളക്ഷൻ, സോർട്ടിംഗ് എന്നിവ മാത്രമാണ് നടക്കുന്നത്. വെയിംഗ് മെഷീൻ എം.സി.എഫിൽ സ്ഥാപിച്ചിട്ടുണ്ടെങ്കിലും നിലവിൽ ബെയിലിംഗ് മെഷീൻ ഇല്ല. വാർഡുകളിൽ 125 മിനി എം.സി.എഫ്, 10 പെറ്റ് ബോട്ടിൽ, കളക്ഷൻ ബിൻ എന്നിവ പ്രവർത്തിക്കുന്നുണ്ട്. ആർ.ആർ.എഫ് സ്ഥാപിച്ചിട്ടില്ല.

### ഹരിത കർമ്മസേന പ്രവർത്തനങ്ങൾ

തദ്ദേശ സ്വയം ഭരണ വകുപ്പിന്റെ 12.08.2020ലെ ജി.ഒ.(ആർ.ടി.)നം.1496/2020 പ്രകാരം രൂപീകൃതമായ ഹരിത കർമ്മ സേനയുടെ പ്രവർത്തനങ്ങൾ മാലിന്യ സംസ്ക്കരണ മേഖലയിൽ വലിയ മാറ്റങ്ങളാണ് വരുത്തിയിട്ടുള്ളത്. 18 ഹരിതകർമ്മസേനാംഗങ്ങൾ മാലിന്യ സംസ്കരണത്തിൽ പങ്കാളികളാകുന്നു. ഹരിതമിത്രം ആപ്പ് മുഖേന മാലിന്യ

ശേഖരണത്തിൽ സാങ്കേതികവിദ്യയുടെ വിന്യാസവും സാധ്യമാക്കിയിട്ടുണ്ട്. മാലിന്യ നിയന്ത്രണത്തിൽ ഓരോ ഭവനത്തെയും സ്ഥാപനത്തെയും പങ്കാളിയാക്കാൻ കെൽട്രോണിന്റെ സഹായത്തോടെ 9520 സ്ഥലങ്ങളിൽ ക്യൂ.ആർ കോഡ് പതിച്ച് അതിലൂടെയുള്ള ഫീസ് പിരിവ് സാധ്യമാക്കിയിട്ടുണ്ട്. വീടുകളിൽനിന്നും ₹50, സ്ഥാപനങ്ങളിൽ നിന്നും ₹100 എന്ന നിരക്കിൽ യൂസർ ഫീ ഈടാക്കി വരുന്നു. യൂസർഫീ കാർഡ് തൻവർഷം ഏർപ്പെടുത്തിയിട്ടുണ്ട്. വീടുകളിൽ കലണ്ടർ അച്ചടിച്ചു വിതരണം ചെയ്തിട്ടുണ്ട്. ഉപഭോക്താക്കൾക്ക് ബിന്നുകളോ, ബാസ്ക്കറ്റുകളോ നല്കിയിട്ടില്ല. നിലവിൽ 7 വാർഡുകളിൽ രണ്ട് വീതവും 11 വാർഡുകളിൽ 1 വീതവും മിനി എം.സിഎഫുകൾ ഉണ്ട്. വാർഡുകളിൽ 121 മിനി എം.സി.എഫുകൾ കൂടി ആവശ്യമാണ്. തൊഴിലുറപ്പ് പദ്ധതി മുഖാന്തിരം ആവശ്യമായ മിനി എം.സി.എഫുകൾ നിർമ്മിക്കുന്നതിന് പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. സ.ഉ.(സാധാ)നം. 1227/2022/LSGD തിയ്യതി 16.05.2022 പ്രകാരമുള്ള ഗാർഹിക ബയോമെഡിക്കൽ മാലിന്യ സംസ്ക്കരണത്തിന് സാനിറ്ററി നാപ്കിൻ/പാഡ് ഇൻസിനേറ്ററുകൾ സ്ഥാപിച്ചിട്ടുണ്ട്. ധർമ്മടം ഗ്രാമപഞ്ചായത്ത് വലിച്ചെറിയൽ മുക്ത പഞ്ചായത്തായി പ്രഖ്യാപിച്ചിട്ടുണ്ട്. സമ്പൂർണ്ണ ശുചിത്വ പദവി കൈവരിച്ചിട്ടുണ്ട്. കുട്ടികളിൽ ശുചിത്വ അവബോധം ഉണ്ടാക്കുന്നതിനും, സ്കൂളുകളിൽ ശുചിത്വ പ്രവർത്തനങ്ങൾക്ക് നേതൃത്വം വഹിക്കുന്നതിനും ഗ്രീൻ പോലീസ് കേഡറ്റ് എന്ന നൂതന പദ്ധതി നടപ്പിലാക്കി. സമ്പൂർണ്ണ ശുചിത്വം കൈവരിക്കുന്നതിലേക്ക് ജനപങ്കാളിത്തത്തോടെ ഹരിതസഭ നടത്തിയിട്ടുണ്ട്. ഹരിത ഓഡിറ്റ്, ഹരിതസഭ, സോഷ്യൽ ഓഡിറ്റ് എന്നിവ നടത്തിയിട്ടുണ്ട്. സ്ഥാപനങ്ങളുടെ ഹരിത ഓഡിറ്റ് നടത്തിയിട്ടുണ്ട്. പഞ്ചായത്ത് പരിധിയിലെ വിവിധ സ്ഥാപനങ്ങളുടെ (വ്യാപാര സ്ഥാപനം, ക്ലബ്ബുകൾ, ഹോട്ടൽ, മൊബൈൽ വർക്ക് ഷോപ്പുകൾ) യോഗം പഞ്ചായത്തിൽ വിളിച്ചു ചേർത്ത് ബോധവൽകരണം നടത്തിയിട്ടുണ്ട്. ഗ്രാമസഭകളിൽ വിഷയം അവതരിപ്പിച്ചിട്ടുണ്ട്. വാർഡ്തല നവമാധ്യമ കൂട്ടായ്മകൾ പ്രയോജനപ്പെടുത്തിയിട്ടുണ്ട്. എല്ലാ മാസവും അസിസ്റ്റന്റ് സെക്രട്ടറി, വി.ഇ.ഒ, ഹെൽത്ത് ഇൻസ്പെക്ടർ എന്നിവരടങ്ങിയ വിജിലൻസ് സ്ക്വാഡ് സ്ഥാപനങ്ങളിൽ പരിശോധന നടത്തുകയും വീഴ്ച വരുത്തുന്നവർക്ക് നോട്ടീസ് നൽകി പിഴ ഈടാക്കുയും ചെയ്ത് വരുന്നു.

2023-24 വർഷം ക്ലീൻ കേരള കമ്പനിക്ക് 45 ടൺ തരം തിരിച്ച മാലിന്യവും 77 ടൺ ലെഗസി വേസ്റ്റും കൈമാറിയതായാണ് കണക്കുകൾ സൂചിപ്പിക്കുന്നത്. ഓഡിറ്റ് വർഷം യൂസർഫീ ഇനത്തിൽ ₹2988200യും ഹരിതചട്ട ലംഘനങ്ങളുടെ പിഴ ഈടാക്കിയ ഇനത്തിൽ ₹11000യും മാലിന്യം/പാഴ്‌വസ്തുക്കൾ വിറ്റ വകയിൽ ₹153806യും ലഭിച്ചിട്ടുണ്ട്. ലെഗസി മാലിന്യം ഏറ്റെടുത്ത വകയിൽ കരാർ സ്ഥാപനത്തിന് ₹300094 (CKCL) നൽകിയിട്ടുണ്ട്. എൻ.എസ്.എസ്, ക്ലബ്ബുകൾ, ഹരിത കർമ്മസേന എന്നിവരുടെ സഹകരണത്തോടെ 2 സ്നേഹാരാമങ്ങൾ (Dump Site To Clean Site) തയ്യാറാക്കി പരിപാലിച്ച് വരുന്നു. കുട്ടികളിലൂടെ മാലിന്യ സംസ്ക്കരണ അവബോധം വളർത്തുന്നതിന് എല്ലാ സ്കൂളിലെയും 5 കുട്ടികളെ ഉൾപ്പെടുത്തി ഹരിത പോലീസ് കേഡറ്റ് എന്ന സംവിധാനം രൂപീകരിച്ചു പ്രവർത്തനം ആരംഭിച്ചു. ഈ കുട്ടികൾക്കു വേണ്ടി ഹരിതകേരള മിഷനുമായി സഹകരിച്ച് അവധിക്കാല ക്യാമ്പ് നടത്തിയിരുന്നു. പഞ്ചായത്ത്തല ശുചീകരണം, വാർഡ്തല ശുചീകരണം, മഴക്കാല പൂർവ്വ ശുചീകരണം എന്നിവ ബഹുജന പങ്കാളിത്തത്തോടെ നടത്തിയിട്ടുണ്ട്. പുഴ നടത്തത്തിലൂടെ ജലസ്രോതസ്സുകളുടെ മാലിന്യം നീക്കം ചെയ്തിട്ടുണ്ട്. ഹരിതകർമ്മ സേനയ്ക്ക് അടിസ്ഥാന സൌകര്യങ്ങൾ ഉറപ്പു വരുത്തിയിട്ടുണ്ട്. യൂണിഫോം 3 ജോഡി, തൊപ്പി, ഗ്ലൗസ്, ഷൂസ്, ട്രോളി, ഹരിതകർമ്മ സേനയ്ക്ക് വാഹനം, കുടുംബശ്രീയുമായി ചേർന്ന് ഹരിതകർമ്മ സേനയ്ക്ക് ഇൻഷുറൻസ് എന്നിവ നൽകിയിട്ടുണ്ട്. മാലിന്യ സംസ്ക്കരണവുമായി ബന്ധപ്പെട്ട് 4 പ്രോജക്ടുകൾ നടപ്പിലാക്കിയിട്ടുണ്ട്.

ഹരിതകർമ്മ സേനയ്ക്ക് അടിസ്ഥാന സൗകര്യം, മാലിന്യ നിർമ്മാർജ്ജനം, തുടങ്ങിയ ഇനത്തിലെ ചെലവ് വിവരം താഴെ കൊടുക്കുന്നു.

| നമ്പർ | ഇനം | ചെലവ് (₹) |
|---|---|---|
| 1 | ഗാർഹിക റിംഗ് കമ്പോസ്റ്റ് വിതരണം | 2072599 |
| 2 | ഹരിതകർമ്മ സേനയ്ക്ക് ട്രോളി | 139400 |
| 3 | ഖരമാലിന്യ പരിപാലനം | 300094 |
| 4 | ഹരിത കർമസേനയ്ക്ക് യൂണിഫോം | 21780 |
| | ആകെ | 2533873 |

കുപ്പി, തെർമ്മോക്കോൾ, ഗുളിക സ്ട്രിപ്പ്, തുണി, ചെരുപ്പ് മുതലായവ ശേഖരിക്കുന്നുണ്ട്. പൊതു ജൈവ മാലിന്യ സംസ്കരണ സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടില്ല. ബെയിലിംഗ് മെഷീൻ സ്ഥാപിച്ചിട്ടില്ല. സോർട്ടിംഗ് ടേബിൾ, കൺവെയർ ബെൽട്ട് എന്നിവ ഇല്ല (വാർഡുകളിൽ നിന്നും തരം തിരിച്ചാണ് പ്ലാസ്റ്റിക്കുകൾ എം.സി.എഫ്.ൽ എത്തിക്കുന്നത്). ടിപ്പിംഗ് ഏരിയ ഇല്ല. സോർട്ടിംഗ് ഏരിയ ഉണ്ട്, മിഷനറി ഏരിയ, സ്റ്റോറേജ് ഏരിയ എന്നിവ തരം തിരിച്ചിട്ടില്ല. ആവശ്യമായ വിസ്തൃതി (176 ച.മീ) എം.സി.എഫിൽ ഉണ്ട്. വൈദ്യുതി കണക്ഷൻ ഉണ്ട്. വേയിംഗ് മെഷീൻ,ടോയ്ലറ്റുകൾ, എന്നിവ എം.സി.എഫിൽ ഉണ്ട്. രണ്ടാഴ്ച്ചയിൽ ഒന്ന്, വാർഡുകളിലെ മിനി എം.സി.എഫുകളിൽ നിന്ന് മാലിന്യം എം.സി.എഫിലേക്ക് മാറ്റുന്നതിന് തീരുമാനിച്ചിട്ടുണ്ട്. ഈ സമയക്രമം കൃത്യമായി പാലിക്കാൻ സാധിക്കാറില്ല. കാരണം എം.സിഎഫുകളിൽ നിന്നുള്ള മാലിന്യ നീക്കം കാര്യക്ഷമമല്ലാത്തതും, ഒരു മാസം എം.സി.എഫിൽ എത്തുന്ന മാലിന്യം പൂർണ്ണമായും നീക്കം ചെയ്യാൻ കഴിയാത്തതിനാൽ മിനി എം.സിഎഫിൽ നിന്ന് പൂർണ്ണമായും മാലിന്യം എം.സിഎഫിലേക്ക് എത്തിക്കാൻ സാധിക്കാറില്ല. കണസോർഷ്യം വരവ് – ചെലവ് കണക്കുകൾ പരിശോധിച്ച് സാക്ഷ്യപ്പെടുത്തുന്നുണ്ട്. ഹരിത ഓഡിറ്റിംഗ് നടത്തി സാക്ഷ്യപത്രം നല്കിയിട്ടുണ്ട്.

**<u>തൊഴിൽ സൃഷ്ടിക്കൽ</u>**

18 അംഗങ്ങൾ ഉൾപ്പെടുന്ന ഹരിതകർമ്മസേനയാണ് ഗ്രാമപഞ്ചായത്തിനുള്ളത്. മാലിന്യ ശേഖരണത്തിനും മാലിന്യം തരം തിരിക്കുന്നതിനും പ്രത്യേകം ദിവസം നിശ്ചയിച്ചിട്ടില്ല. ഹരിതകർമ്മ സേനയുടെ പ്രവർത്തനങ്ങളും സാമ്പത്തിക ഇടപാടുകൾ നിയന്ത്രിക്കുന്നതിനുമായി ഹരിതകർമ്മ കൺസോർഷ്യം നിലവിലുണ്ട്. ഇതിനായി കോപ്പറേറ്റീവ് ബാങ്ക് ധർമ്മടം ശാഖയിൽ 40487101067358 നമ്പരായി അക്കൗണ്ട് തുടങ്ങുകയും അതിലൂടെ ഇടപാടുകൾ നടത്തുകയും ചെയ്യുന്നു. യൂസർ ഫീ ആയി പ്രതിമാസം ₹323300 ലഭിക്കുന്നുണ്ട്. തുക സേനാംഗങ്ങളുടെ ശമ്പളത്തിനായി വിനിയോഗിക്കുന്നു. ലഭ്യമാകുന്ന തുക അംഗങ്ങൾക്കിടയിൽ തുല്യമായി വീതിക്കുകയാണ് ചെയ്യുന്നത്. പത്ത് ശതമാനം കൺസോർഷ്യത്തിന്റ പ്രവർത്തനങ്ങൾക്കായി കോർപ്പസ് ഫണ്ടിലേക്ക് നീക്കിവെക്കണമെന്ന നിർദ്ദേശം നടപ്പിലാക്കുന്നുണ്ട്. ശരാശരി ₹15000യോ അതിനടുത്തോ ഉള്ള തുകയാണ് അംഗങ്ങൾക്ക് വരുമാനമായി ലഭിക്കുന്നത്.

**<u>അടിസ്ഥാന സൗകര്യങ്ങൾ</u>**

വാർഡുകളിൽ നിന്നും പ്ലാസ്റ്റിക് ശേഖരിച്ച് എം.സി.എഫ്.ൽ എത്തിക്കുന്നതിനായി സ്വന്തം വാഹനമുണ്ട്.

**<u>ഹരിതകർമ്മ സേനാ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിനുള്ള പ്രധാന ശിപാർശകൾ</u>**

* ഹരിതകർമ്മ സേനാംഗങ്ങൾ ശേഖരിച്ച്, തരം തിരിച്ച്, എം.സി.എഫ്.ൽ സൂക്ഷിച്ചിട്ടുള്ള അജൈവ മാലിന്യങ്ങൾ ക്ലീൻ കേരള കമ്പനി യഥാസമയം നീക്കം ചെയ്യാത്തത് വലിയ പ്രതിസന്ധിയാണ് സൃഷ്ടിക്കുന്നത്. സമയബന്ധിതമായി മാലിന്യം കൈമാറ്റം ചെയ്യപ്പെടുന്നുവെന്ന് സ്ഥാപനതലത്തിൽ ഉറപ്പു വരുത്തേണ്ടതാണ്.

* ബെയ്‌ലിംഗ്, ഷ്രെഡിംഗ് മെഷീനറികൾ സ്ഥാപിക്കുന്നതിന് നടപടികൾ

സ്വീകരിക്കേണ്ടതാണ്. ചെറിയ മുതൽ മുടക്കിൽ പെറ്റ് ബോട്ടിലുകൾ കട്ട് ചെയ്ത് പ്ലാസ്റ്റിക് ചിപ്പ് ആക്കി രൂപപ്പെടുത്തുന്നതിനുള്ള മെഷീൻ സ്ഥാപിക്കാവുന്നതാണ്. അടുത്ത ഘട്ടമായി പ്ലാസ്റ്റിക് ചിപ്പിനെ ഗ്രാന്യൂൾസാക്കി മാറ്റാവുന്നതിനുള്ള മെഷീനറികൾ സ്ഥാപിക്കാവുന്നതും അതിൽ നിന്നും റീപ്രൊസസ് പ്ലാസ്റ്റിക് ഉൽപ്പന്നങ്ങൾ നിർമ്മിക്കുന്നതിന് കോർപ്പറേറ്റ് സ്ഥാപനങ്ങൾക്ക് നൽകി അധിക വരുമാനം കണ്ടെത്താവുന്നതുമാണ്. എല്ലാത്തരം പ്ലാസ്റ്റിക് ഉൽപ്പന്നങ്ങളും ഗ്രാന്യൂളുകളായി രൂപപ്പെടുത്തി വാണിജ്യാടിസ്ഥാനത്തിൽ വിൽപ്പന നടത്താവുന്നതാണ്. നിരവധി ഉൽപ്പന്നങ്ങൾക്കുള്ള അസംസ്കൃത വസ്തുവാണ് ആർ.പി ഗ്രാന്യൂൾസ് എന്നതിനാൽ ഉപയോഗശൂന്യമായ എല്ലാത്തരം പ്ലാസ്റ്റിക് വസ്തുക്കളും ഇതിനായി ഉപയോഗപ്പെടുത്താവുന്നതാണ്.

* ജൈവവളം നിർമാണം, കുടുംബശ്രീ മുഖേന പാഴ് വസ്തുക്കളുടെ റീസൈക്ലിംഗിനും മറ്റ് സംരംഭങ്ങൾ തുടങ്ങുന്നതിനുമുള്ള പരിശീലനം, ധനസഹായം എന്നിവ മെച്ചപ്പെട്ട വരുമാനം പ്രദാനം ചെയ്യുന്നതിനായി പരിഗണിക്കാവുന്നതാണ്.
* പൊതു സ്ഥലങ്ങളിൽ മാലിന്യങ്ങൾ വലിച്ചെറിയുന്നവർക്കെതിരെ 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം 220(C) അനുസരിച്ചുള്ള ശിക്ഷാ രീതികൾ കർശനമാക്കേണ്ടതാണ്.
* ഹരിതകർമ്മ സേനാംഗങ്ങൾക്ക് ആരോഗ്യ പരിരക്ഷാ പദ്ധതികൾ, ഇ.എസ്.ഐ സൗകര്യം, നിശ്ചിത കാലയളവിൽ സൗജന്യ ആരോഗ്യ പരിശോധനകൾ എന്നിവ ഉറപ്പു വരുത്താവുന്നതാണ്.
* വിവാഹ സത്ക്കാരങ്ങൾ, ഉത്സവാഘോഷങ്ങൾ എന്നിവ ഹരിത പെരുമാറ്റ ചട്ടം (Green Protocol) പാലിക്കുന്നുവെന്ന് ഉറപ്പു വരുത്താൻ ഹരിതകർമ്മ സേനാംഗങ്ങളുടെ സേവനം പ്രയോജനപ്പെടുത്താവുന്നതാണ്.
* ഹരിതകർമ്മ സേനാംഗങ്ങളുടെ തൊഴിൽമാന്യത ഉറപ്പു വരുത്തുന്നതിനാവശ്യമായ നടപടികൾ തദ്ദേശസ്വയംഭരണ സ്ഥാപനതലത്തിൽ സ്വീകരിക്കേണ്ടതാണ്.
* ഹരിതകർമ്മ സേനാംഗങ്ങൾക്കിടയിലുള്ള പരാതികൾ പരിഹരിക്കുന്നതിന് ഒരു പരാതി പരിഹാര സമിതി രൂപീകരിക്കാവുന്നതാണ്.
* ഹരിതകർമ്മ സേനാ പ്രവർത്തനങ്ങൾക്ക് ഈടാക്കുന്ന യൂസർഫീസ് ഒടുക്കാൻ വിസമ്മതിക്കുന്നവർക്കെതിരെ സ.ഉ.(സാധാ)നം.789/2023/LSGD തിയ്യതി 31.03.2023 പ്രകാരമുള്ള നടപടികൾ തദ്ദേശസ്വയംഭരണ സ്ഥാപനതലത്തിൽ സ്വീകരിക്കാവുന്നതാണ്.
* ഹരിതകർമസേനാംഗങ്ങൾക്ക് വരുമാനദായകമായ സംരംഭങ്ങൾ തുടങ്ങാൻ ധനസഹായം അനുവദിക്കുന്ന പ്രോജക്ടുകൾ തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്താവുന്നതാണ്.
* മാലിന്യങ്ങൾ/പാഴ് വസ്തുക്കൾ ഉറവിടത്തിൽ തരംതിരിക്കുന്നതിനായി വ്യത്യസ്ത നിറത്തിലുള്ള ബാസ്ക്കറ്റുകളോ, ബിന്നുകളോ, ചാക്കുകളോ ഉപഭോക്താക്കൾക്ക് നൽകാവുന്നതാണ്.
* നാപ്കിനുകൾ, സാനിട്ടറി പാഡുകൾ എന്നിവ സംസ്ക്കരിക്കുന്നതിനായി ഇൻസിനേറ്ററുകൾ സ്ഥാപിക്കാവുന്നതാണ്.
* പൊതു ജൈവ മാലിന്യ സംസ്ക്കരണ സംവിധാനങ്ങൾ ഏർപ്പെടുത്താവുന്നതാണ്. ജൈവമാലിന്യങ്ങൾ ഉറവിടത്തിലും, തുമ്പൂർമുഴി മോഡലിലും സംസ്ക്കരിക്കാവുന്നതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3
## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4
## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/ തീയതി |
|---|---|---|
| 2023-24 | 22.08.2024, 23.08.2024 | കെഎസ്എ/ കെഎൻആർ/സി9/ 1437/2024 തീയതിഃ 05.10.2024 |

### 4-2 സംയുക്ത പ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക (₹) | പ്രൊജക്ടിന്റെ പേര് | ചെലവ് (₹) | നീക്കിയിരിപ്പ് (₹) |
|---|---|---|---|---|---|
| തലശ്ശേരി ബ്ലോക്ക് പഞ്ചായത്ത് | 2023-24 | 69,598 | സാന്ത്വന പരിചരണം (പ്രൊജക്ട് നം.35/24) | 69,598 | 0 |
| | 2023-24 | 3,12,000 | ശാരീരിക-മാനസിക വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് (പ്രൊജക്ട് നം. 15/24) | 3,12,000 | 0 |
| | 2023-24 | 4,00,000 | ലൈഫ് ഭവനപദ്ധതി ഭൂരഹിത ഭവനരഹിതർക്ക് സ്ഥലം വാങ്ങി വീട് നിർമ്മിക്കൽ | 4,00,000 | 0 |

| | | | | | |
|---|---|---|---|---|---|
| | | | (പ്രൊജക്ട് നം. 143/24) | | |
| | 2023-24 | 3,55,829 | കോവിൽ റോഡ് ടാറിംഗ് (പ്രൊജക്ട് നം.215/24) | 3,55,829 | 0 |
| | 2023-24 | 2,00,000 | ക്ഷീര കർഷകർക്ക് പാലിന് സബ്സിഡി (പ്രൊജക്ട് നം. 9/24) | 2,00,000 | 0 |
| | 2023-24 | 2,00,000 | അണ്ടലൂർ സീനിയർ ബേസിക്ക് സ്കൂൾ പരിസരം തോട് സംരക്ഷണഭിത്തി നിർമ്മാണം (പ്രൊജക്ട് നം. 217/24) | 0 | 2,00,000 |
| ആകെ | | 15,37,427 | | 13,37,427 | 2,00,000 |
| കണ്ണൂർ ജില്ലാ പഞ്ചായത്ത് | 2023-24 | 1,56,000 | ശാരീരിക-മാനസിക വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് (പ്രൊജക്ട് നം.15/24) | 1,56,000 | 0 |
| | 2023-24 | 71,000 | ക്ഷീര കർഷകർക്ക് പാലിന് സബ്സിഡി (പ്രൊജക്ട് നം.9/24) | 71,000 | 0 |
| ആകെ | | 2,27,000 | | 2,27,000 | |

സംയുക്ത പദ്ധതികൾക്കായി മുൻ വർഷങ്ങളിൽ ലഭിച്ച ഫണ്ടിൽ വിനിയോഗിക്കാതെ ഗ്രാമപഞ്ചായത്ത് അക്കൗണ്ടിൽ അവശേഷിക്കുന്ന തുക അതത് ഹെഡുകളിൽ തിരിച്ചടച്ച് വിവരം അറിയിക്കേണ്ടതാണ്.

## 4-3 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനത്തിന് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | ബിൽ നമ്പർ/ തീയതി | മുൻകൂർ നൽകിയ തുക (₹) | ചെലവഴിച്ച തുക (₹) | ചെലവഴിക്കാൻ ബാക്കിയുള്ള തുക (₹) |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| പി.ഡബ്ല്യൂ.ഡി. ഇലക്ട്രിക്കൽ ഡിവിഷൻ, കണ്ണൂർ | ഗ്രാമപഞ്ചായത്ത് ഓഫീസിൽ ജനറേറ്റർ സ്ഥാപിക്കൽ (പ്രൊജക്ട് നമ്പർ 40/24) | 60/27.07.2023 | ₹6,00,000 | 0 | ₹6,00,000 |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

## 4-5 വായ്പ/വായ്പ തിരിച്ചടവ്

ഗ്രാമപഞ്ചായത്തിൽ വായ്പയിനത്തിൽ ലഭിച്ച തുകയുടെയും വായ്പ തിരിച്ചടച്ചതിന്റെ വിവരവും കാണിക്കുന്ന ലോൺ രജിസ്റ്റർ സൂക്ഷിക്കുന്നുണ്ടെങ്കിലും വായ്പയിനത്തിൽ ലഭിച്ച തുകയുടെയും വായ്പ തിരിച്ചടച്ചതിന്റെയും കൃത്യമായ വിവരം രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല. ആയതിനാൽ വായ്പ/വായ്പ തിരിച്ചടവ് സംബന്ധിച്ച വിവരം ഉൾപ്പെടുത്താനായിട്ടില്ല.

## 4-6 സ്ഥിര നിക്ഷേപം

ഇല്ല

## 4-7 ഓഡിറ്റ് റിക്കവറി

ഇല്ല

## 4-8 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

ഗ്രാമപഞ്ചായത്തിന്റെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പു പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2000-01 | 19 | 2003-04 | 3.13.17 | മറ്റു പരാമർശങ്ങൾ | നിയമസഭാ സമിതിയുടെ പരിഗണനയിൽ |
| - | - | 2013-14 | 5.1.5.2 | ജലസ്രോതസ്സുകൾ മാലിന്യകൂമ്പാരമായത് | നിയമസഭാ സമിതിയുടെ പരിഗണനയിൽ |
| - | - | 2013-14 | 5,1.5.12 | കുടിവെള്ള / ശുചിത്വ വർക്കിംഗ് | നിയമസഭാ സമിതിയുടെ |

| | | | | | |
|---|---|---|---|---|---|
| | | | | ഗ്രൂപ്പുകളുടെ പ്രവർത്തനം തൃപ്തികരമല്ല | പരിഗണനയിൽ |
| - | - | 2011-12 | 2-1 | ഗ്രാമസഭ അപാകം | നിയമസഭാ സമിതിയുടെ പരിഗണനയിൽ |
| 2007-08 | 3-1 | 2011-12 | 2-6 | അനർട്ട്-നിക്ഷേപ പ്രവൃത്തികൾ | നിയമസഭാ സമിതിയുടെ പരിഗണനയിൽ |
| 2014-15 | 2-1, 2-2, 2-3 | 2016-17 | 2 | തൊഴിൽ നികുതി | നിയമസഭാ സമിതിയുടെ പരിഗണനയിൽ |
| 2015-16 | 2-1 | | | | |

## 4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

ഇല്ല

## 4-10 ഓഡിറ്റ് പ്രത്യവലോകനം

### (എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് (₹) | : | 6,67,37,358 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് (₹) | : | 6,23,66,575 |
| വരവിനങ്ങളിലുള്ള നഷ്ടം (₹) | : | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക (₹) | : | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക (₹) | : | 20,74,974 |

### (ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

**ഇല്ല**

### ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക (₹) | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-16 | 1,09,453 | ശ്രീമതി. ഷബ്ന. കെ.വി, സെക്രട്ടറി-ഇൻ-ചാർജ്ജ് |
| 1-17 | 6,00,000 | ശ്രീ. ബിന്റി ലക്ഷ്മൺ, സെക്രട്ടറി |
| 1-18 | 1,94,700 | ശ്രീ. ബിന്റി ലക്ഷ്മൺ, സെക്രട്ടറി |
| 1-19 | 29,025 | ശ്രീമതി. ഷബ്ന. കെ.വി, സെക്രട്ടറി-ഇൻ-ചാർജ്ജ് |
| 1-20 | 1,00,000 | ശ്രീമതി. ഷബ്ന. കെ.വി, സെക്രട്ടറി-ഇൻ-ചാർജ് |
| 1-21 | 50,000 | ഡോ. ധന്യ. പി.എം, മെഡിക്കൽ ഓഫീസർ, ഹോമിയോ |
| 1-28 | 9,91,796 | ഡോ. ദിൽനാഥ് കല്ലാട്ട്, മെഡിക്കൽ ഓഫീസർ, പി.എച്ച്.സി |
| | 20,74,974 | |

**(സി) <u>കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിന്റെ വിവരം</u>**

**ഇല്ല**

**(ഡി) <u>നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ</u>**

**ഇല്ല**

**(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന്/തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും**

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീമതി. ഷബ്ന. കെ.വി, സെക്രട്ടറി-ഇൻ-ചാർജ്ജ് | അസി.സെക്രട്ടറി, ധർമ്മടം ഗ്രാമപഞ്ചായത്ത് | ശ്രേയസ്, നിട്ടൂർ പി.ഒ, തലശ്ശേരി, കണ്ണൂർ ജില്ല |
| ശ്രീ. ബിന്റി ലക്ഷ്മൺ, സെക്രട്ടറി | സെക്രട്ടറി, മയ്യിൽ ഗ്രാമപഞ്ചായത്ത് | കുന്നഞ്ചേരി ഹൗസ്, ഇരിവേരി പി ഒ, മിടാവിലോട്, കണ്ണൂർ-670603 |
| ഡോ. ദിൽനാഥ് കല്ലാട്ട്, മെഡിക്കൽ ഓഫീസർ, പി.എച്ച്.സി | മെഡിക്കൽ ഓഫീസർ, പി എച്ച് സി, ധർമ്മടം ഗ്രാമപഞ്ചായത്ത് | കല്ലാട്ട്, ചേറ്റംകുന്ന് പി.ഒ, തലശ്ശേരി, കണ്ണൂർ ജില്ല |
| ഡോ. ധന്യ. പി.എം, മെഡിക്കൽ ഓഫീസർ, ഹോമിയോ | മെഡിക്കൽ ഓഫീസർ, ഹോമിയോ, ധർമ്മടം ഗ്രാമപഞ്ചായത്ത് | ഇ.ജി ഹൗസ്, പിണറായി.പി ഒ, തലശ്ശേരി, കണ്ണൂർ ജില്ല |

## <u>4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ</u>

| ഓഡിറ്റ് റിപ്പോർട്ട് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 2000-01 പദ്ധതി | നം.കെ.എസ്.എ/ കെ.എൻ.ആർ/സി.7/ 1408/2022 തീയതി 12.10.2022 | 1 |
| 2001-02 പദ്ധതി | നം.കെ.എസ്.എ/ കെ.എൻ.ആർ/സി.7/ 1408/2022 തീയതി 12.10.2022 | 1 |
| 2007-08 | നം.കെ.എസ്.എ/ കെ.എൻ.ആർ/സി.7/ | 1 |

| | | |
|---|---|---|
| | 1408/2022 തീയതി 12.10.2022 | |
| 2008-09 | നം.കെ.എസ്.എ/ കെ.എൻ.ആർ/സി.7/ 1408/2022 തീയതി 12.10.2022 | 2 |
| 2009-10, 2010-11 | നം.കെ.എസ്.എ/ കെ.എൻ.ആർ/സി.7/ 1408/2022 തീയതി 12.10.2022 | 3 |
| 2012-13, 2013-14 | നം.കെ.എസ്.എ/ കെ.എൻ.ആർ/സി.7/ 1408/2022 തീയതി 12.10.2022 | 1 |
| 2014-15 | നം.കെ.എസ്.എ/ കെ.എൻ.ആർ/സി.7/ 1408/2022 തീയതി 12.10.2022 | 6 |
| 2015-16 | നം.കെ.എസ്.എ/ കെ.എൻ.ആർ/സി.7/ 1408/2022 തീയതി 12.10.2022 | 2 |
| 2016-17 | നം.കെ.എസ്.എ/ കെ.എൻ.ആർ/സി.7/ 1408/2022 തീയതി 12.10.2022 | 1 |
| 2017-18 | നം.കെ.എസ്.എ/ കെ.എൻ.ആർ/സി.7/ 1408/2022 തീയതി 12.10.2022 | 1 |
| 2018-19 | നം.കെ.എസ്.എ/ കെ.എൻ.ആർ/സി.7/ 1408/2022 തീയതി 12.10.2022 | 2 |
| 2019-20 | നം.കെ.എസ്.എ/ കെ.എൻ.ആർ/സി.7/ 755/2022 തീയതി 15.06.2022 | 18 |
| 2020-21 | നം.കെ.എസ്.എ/ കെ.എൻ.ആർ/സി.7/ 756/2022 തീയതി 15.06.2022 | 20 |
| 2021-22 | നം.കെ.എസ്.എ/ കെ.എൻ.ആർ/സി.7/ 218/2022 തീയതി 25.03.2023 | 16 |
| 2022-23 | നം.കെ.എസ്.എ/ കെ.എൻ.ആർ/സി.7/ 358/2024 തീയതി 26.03.2024 | 38 |

ഡെപ്യൂട്ടി ഡയറക്ടർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ

## Annexure-1
## Audit Certificate

i. I have audited the attached Financial statements approved vide resolution number 117/2024 dated 117/2024 dated 06-06-2024 and submitted on 06-06-2024 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2024 and Balance sheet as on 31-03-2024 , with supporting forms, of the Dharmadam Grama Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.

ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.

iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,

I certify that, subject to my observations in the appended report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result for the year 2023-2024 and Financial position of Dharmadam Grama Panchayat as on 31-03-2024

**Date: 05/10/2024** **Deputy Director**

**Kerala State Audit Department**

## Audit Report appended to the Audit Certificate of Dharmadam Grama Panchayat for the Year 2023-2024.

### 1.Major Observations

NIL

## 2.Other Observations

Central Finance Commission Grant:

1) Grant liability shown as per balance sheet B-4 schedule does not agree with corresponding bank account in B-17 schedule.
2) Amount used for asset creation using specific grant is not transferred to capital contribution and treated as revenue income.
3) The work for which part bill payment made is not accounted in capital work in progress in balance sheet.
4) The amount shown in Balance Sheet as advance (Schedule B-18-amount given for deposit work) is not adjusted after getting utilisation certificate for the same.
5) closing stock is not shown in Balance Sheet.
6) Details of liabilities shown in Balance Sheet B-4, B-9 schedule is not produced for verification-eg Refund of unutilised grant,other employees liabilities payable(B-9 schedule),national drinking water programme, beneficiary contribution (B-4 schedule).
7) Net increase/decrease in cashflow does not match with the difference between the opening balance and closing balance of cash and cash equivalents.
8) Lapses in making timely and accurate demand entries in respect of tax and non tax revenue.
9) The following mandatory Financial Statements such as notes on account, Ratios, comparitive amounts for the preceding year prescribed in 2011 Kerala Panchayat Raj Accounting rules are not submitted for audit.
10) Updated Asset Register so as to verify the correctness of B-11 schedule is not made available for verification.
11) Documents to verify the correctness of depreciation provided for asset is not made available for verification.
12) the amount given for deposit work for which utilisation is not obtained is not shown in B-18 schedule
13) The Updated loan register has not been made available for inspection.

# അനുബന്ധം-2
# ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

കണ്ണൂർ ജില്ലയിലെ ധർമ്മടം ഗ്രാമപഞ്ചായത്തിന്റെ 2023-2024 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

# അനുബന്ധം 3-1
# RECEIPT & PAYMENT STATEMENT

**Dharmadam Grama Panchayat**
**RECEIPT & PAYMENT STATEMENT**

For the period from 01-April-2023 to 31-March-2024

| Code.No. | Description of Items | Schedule No. | Amount |
|---|---|---|---|
| | **RECEIPTS** | | |
| | **Opening Balance** | | |
| Bank | Bank | RP-40(a) | 29727744.00 |
| Cash | Cash | RP-40(a) | 0.0 |
| | **Operating** | | |
| 110000000 | Tax Revenue | RP-1 | 2708760.00 |
| 130000000 | Rental income from Panchayat Properties | RP-3 | 11500.00 |
| 140000000 | Fees & User Charges | RP-4 | 3884314.00 |
| 150000000 | Sale & Hire Charges | RP-5 | 38109.00 |
| 160000000 | Revenue Grants, Funds, Contributions & Compensations | RP-7 | 14158800.00 |
| 171000000 | Interest Earned | RP-9 | 510604.00 |
| 190000000 | Prior Period Income | RP-11 | 4005.00 |
| 311000000 | Earmarked Funds | RP-28 | 4206.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-30 | 18360409.00 |
| 431000000 | Sundry Debtors (Receivables) | RP-45 | 21148628.00 |

| | | | |
|---|---|---|---|
| 460000000 | Loans, Advances and Deposits | RP-49 | 1060.00 |
| | **Non Operating** | | |
| 180000000 | Other Income | RP-10 | 0.0 |
| 330000000 | Secured Loans | RP-31 | 4158093.00 |
| 340000000 | Deposits Received | RP-33 | 978479.00 |
| 350000000 | Other Liabilities | RP-35 | 770391.00 |
| | **Grand total** | | **96465102.00** |
| | **PAYMENTS** | | |
| | **Operating** | | |
| 140000000 | Fees & User Charges | RP-4 | 50248.00 |
| 220000000 | Administrative Expenses | RP-13 | 3315.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-30 | 29636.00 |
| 415000000 | Annual plan - Capital Expences(Infrastructure Sector) | RP-42 | 11929.00 |
| 431000000 | Sundry Debtors (Receivables) | RP-45 | 19636337.00 |
| 460000000 | Loans, Advances and Deposits | RP-49 | 196000.00 |
| | **Non Operating** | | |
| 340000000 | Deposits Received | RP-33 | 21955.00 |
| 350000000 | Other Liabilities | RP-35 | 42417155.00 |
| | **Closing Balance** | | |
| Bank | Bank | RP-40(b) | 34098527.00 |
| Cash | Cash | RP-40(b) | 0.0 |
| | **Grand Total** | | **96465102.00** |

## അനുബന്ധം 3-2
## NCOME & EXPENDITURE STATEMENT

**Dharmadam Grama Panchayat**
**INCOME & EXPENDITURE STATEMENT**

| For the period from 01-April-2023 to 31-March-2024 | | | |
|---|---|---|---|
| Code.No. | Description of Items | Schedule No. | Amount |
| | **INCOME** | | |
| 110000000 | Tax Revenue | I-1 | 7392034.00 |
| 120000000 | Assigned Revenues, Shared Taxes and Compensations (BLOCKED) | I-2 | 0.0 |
| 130000000 | Rental Income from Panchayat / Municipal Properties | I-3 | 11500.00 |
| 140000000 | Fee & User Charges | I-4 | 4672170.00 |
| 150000000 | Sale & Hire Charges | I-5 | 39095.00 |
| 160000000 | Revenue Grants, Funds, Contributions & Compensations / Subsidies | I-6 | 129040927.00 |
| 170000000 | Income from Investments | I-7 | 0.0 |
| 171000000 | Interest Earned | I-8 | 510604.00 |
| 180000000 | Other Income | I-9 | 0.0 |
| 190000000 | Prior Period Income | I-19 | |
| | **Total Income** | | **141666330.00** |
| | **EXPENDITURE** | | |
| 210000000 | Establishment Expenses | I-10 | 14007770.00 |
| 220000000 | Administrative Expenses | I-11 | 1728730.00 |
| 230000000 | Operations & Maintenance | I-12 | 1043057.00 |
| 240000000 | Interest & Finance Charges | I-13 | 60.00 |
| 250000000 | Decentralised Plan Programme Productive Sector/Programme Expenses | I-14 | 6739522.00 |
| 251000000 | Decentralised Plan Programme-Service Sector | I-14(A) | 33432550.00 |
| 252000000 | Decentralised Plan Programme-Infrastructure Sector | I-14(B) | 5068555.00 |

| | | | |
|---|---|---|---|
| 253000000 | Decentralised Plan Programme-Projects not included in Sector Division | I-14(C) | 18174238.00 |
| 254000000 | Expenditures of Transfered Institutions and State Sponsored Schemes (not included under Decentralized Plan Programme) | I-14(D) | 52732700.00 |
| 255000000 | Maintenance Projects | I-14(E) | 0.0 |
| 256000000 | Other Revenue Grants and Funds - Revenue Expenses | I-14(F) | 1144367.00 |
| 260000000 | Grants, Contributions & Compensation from Own Fund / Subsidies | I-15 | 0.0 |
| 270000000 | Provisions and Write off | I-16 | 0.0 |
| 271000000 | Miscellaneous Expenses on Disposal of Assets and Investments | I-17 | 0.0 |
| 272000000 | Depreciation | I-17(A) | 15152640.00 |
| | **Total Expenditure** | | **149224189.00** |
| | **Gross Surplus / Deficit of income over Expenditure before Prior period** | | **-7557859.00** |
| | Net diffrence (Prior period income & Prior period Expense | | **-108906** |
| | **Gross Surplus/Deficit of income over Expenditure** | | **-7666765.00** |

## അനുബന്ധം 3-3
## BALANCE SHEET

| Dharmadam Grama Panchayat<br>BALANCE SHEET | | | |
|---|---|---|---|
| As on 31-March-2024 | | | |
| Code.No. | Description of Items | Schedule No. | Amount |
| | **LIABILITIES** | | |

| | | | |
|---|---|---|---|
| | **Reserve & Surplus** | | |
| 310000000 | Panchayat / Municipal Fund | B-1 | 28309338.00 |
| 311000000 | Earmarked Funds - Special Funds/Sinking Fund/Trust or Agency Fund | B-2 | 33589.00 |
| 312000000 | Reserves | B-3 | 31052684.00 |
| | **Total Reserve & Surplus** | | **59395611.00** |
| | **Grants, Contributions for Specific Purposes** | | |
| 320000000 | Grants, Funds & Contribution for Specific Purposes | B-4 | 30354210.00 |
| | **Total Grants, Contributions for Specific Purposes** | | **30354210.00** |
| | **Loans** | | |
| 330000000 | Secured Loans | B-5 | 3424814.00 |
| 331000000 | Unsecured Loans | B-6 | 0.0 |
| | **Total Loans** | | **3424814.00** |
| | **Current Liabilities & Provisions** | | |
| 340000000 | Deposits Received | B-7 | 1612828.00 |
| 341000000 | Deposits Works | B-8 | 0.0 |
| 350000000 | Other Liabilities | B-9 | 2425321.00 |
| 360000000 | Provisions | B-10 | 0.0 |
| | **Total Current Liabilities and Provisions** | | **4038149.00** |
| | **TOTAL LIABILITIES** | | **97212784.00** |
| | **ASSETS** | | |
| | **Fixed Assets** | | |

| | | | |
|---|---|---|---|
| | | | |
| 410000000 | Fixed Assets | B-11 | 127489.00 |
| 412000000 | Capital Work in Progress | B-11(b) | 3767302.00 |
| 413000000 | Annual Plan - Capital Expences (Productive Sector) | B11-(c) | 451252.00 |
| 414000000 | Annual Plan - Capital Expences (Service Sector) | B11-(d) | 8490808.00 |
| 415000000 | Annual Plan - Capital Expences (Infrastructure Sector) | B11-(e) | 74158384.00 |
| 416000000 | Accumulated Depreciation | B-11(a) | -46288118.00 |
| | **Total Fixed Assets** | | **40707117.00** |
| | **Investments** | | |
| 420000000 | Investments-General Fund | B-12 | 0.0 |
| 421000000 | Investments - Other Funds / Sundry Debtors | B-13 | 0.0 |
| | **Total Investments** | | **0.0** |
| | **Current Assets, Loans and Advances** | | |
| 430000000 | Stock-in-hand | B-14 | 0.0 |
| 431000000 | Sundry Debtors (Receivables) | B-15 | 20076819.00 |
| 432000000 | Accumulated Provisions Against Debtors (Receivables) | B-15(a) | 0.0 |
| 440000000 | Pre-paid Expenses | B-16 | 0.0 |
| 450000000 | Cash and Bank Balance | B-17 | 34098527.00 |
| 460000000 | Loans, Advances and Deposits | B-18 | 2330321.00 |
| 461000000 | Accumulated Provisions against Loans,Advances and Deposits | B-18(a) | 0.0 |
| | **Total Current Assets, Loans and Advances** | | **56505667.00** |
| | **Other Assets** | | |
| 470000000 | Other Assets | B-19 | 0.0 |
| | **Total Other Assets** | | **0.0** |
| | **Miscellaneous Expenditure (To the Extent not written off)** | | |
| 480000000 | Miscellaneous Expenditure to be written off | B-20 | 0.0 |
| | **Total Miscellaneous Expenditure (To the Extent not written off)** | | **0.0** |
| | **TOTAL ASSETS** | | **97212784.00** |

ഡെപ്യൂട്ടി ഡയറക്ടർ,

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ